മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 18 THE ONLINE OFFICIAL NEWS BULLETIN 2024 April 18

SEASON OF RESURRECTION | ഉയിർപ്പുകാലം | ܙܒܢܐ ܕܩܝܡܬܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪3 2nd Sunday after New Sunday; Commn. of Mawdyane; 230th Mem. Yuhanon Mar Ivanios Episcopa (Chengannur) 21	♪7 336th Mem. of Mar Thoma III (Kadambanad St. Thomas Cathedral) 22	♪3 Commn. of St. George the Great Martyr 23	♪7 24	♪3 Commn. of St. Mark the Evangelist; 354th Mem. of Mar Thoma I (Ankamaly Cheriya Palli) 25	♪7 26	♪3 353rd Mem. of Mar Gregorios Abdul Jaleel Metropolitan (Vadakan Paravur Church) 27



പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തിഡ്രലിൽ ആറാം മാർത്തോമ്മാ, എട്ടാം മാർത്തോമ്മാ, കാതോലിക്കേറ്റ് രത്നദീപം പുത്തൻ കാവിൽ ഗിവറുഗീസ് മാർ പിലക്സിനോസ് എന്നിവരുടെ സംയുക്ത ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് നടത്തിയ അനുസ്മരണ സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതിയൻ കാതോലിക്ക ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് സമീപം.



പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തിഡ്രൽ ഏർപ്പെടുത്തിയ ആറാം മാർത്തോമ്മാ അവാർഡ് ഫാ. ഡേവിസ് ചിറമേലിന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മാനിച്ചു.



അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം പരിശീലന ക്യാമ്പ് പരുമല സെമിനാരിയിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷ നായിരുന്നു.



അഖില മലങ്കര സന്യാസസമൂഹത്തിന്റെ 26–ാമത് വാർഷിക സമ്മേളന പ്രതിനിധികൾ ഗീവർഗീസ് മാർ കൂറിലോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവരോടൊപ്പം.



അഖില മലങ്കര സന്യാസസമൂഹത്തിന്റെ 26–ാമത് വാർഷിക സമ്മേളനം നാഗ്പൂർ സെന്റ് തോമസ് തിയോളജിക്കൽ സെമിനാരിയിൽ വച്ച് ഗീവർഗീസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. സന്യാസ സമൂഹം പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിച്ചു.



MGOCSM മലബാർ ഭദ്രാസന വാർഷിക ക്യാമ്പ് യാക്കര സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു. മൂന്നു ദിവസം നീണ്ടുനിന്ന ക്യാമ്പിന് യുഹാനോൻ മാർ മിലിത്തിയോസ്, MGOCSM പ്രസിഡന്റ് എബ്രഹാം മാർ സെറാഫിം, ഗീവർഗീസ് മാർ പക്കോമിയോസ് എന്നിവർ നേതൃത്വം നൽകി.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1925-ലെ കല്പനകളുടെ നമ്പർ ബുക്ക്.

1233. മാരേട്ടു ഫീലിപ്പോച്ചനു. വർത്തമാനങ്ങളെക്കുറിച്ചു. 1100 വൃശ്ചികം 9-നു. തിരുവനന്തപുരം സുറിയാനി പള്ളി.

1234. വർക്കിപ്പിള്ളയ്ക്കു. തിരുവനന്തപുരത്തു എത്തിയ വിവരത്തിനും മറ്റും. ടി സ്ഥലം. ടി തീയതി.

1235. പി. വി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി.

1236. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. നമ്മുടെ ചർച്ച് കോമ്പൗണ്ടിൽ ... അനുവദിച്ചിരിക്കുന്നു എന്നും മറ്റും. 12-4-1100. തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1237. ചുങ്കത്തു വറീതു ഇയ്യു. കൊച്ചി ദിവാൻജിയുടെ പേർക്ക് നാം എഴുതിയില്ലെന്നും ഇനിയും എഴുതുന്നില്ലെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1238. സി. പി. മാത്തൻ വക്കീലിനു. കേസു പിൻവലിക്കുന്നതിനു മണലിൽ കത്തനാരുടെ പേർക്കു നാം നിർബന്ധമായി എഴുതിയിട്ടുണ്ടെന്നും അതുപ്രകാരം ചെയ്യുമെന്നു നാം വിശ്വസിക്കുന്നു എന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1239. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനു. കക്ഷികളെ ആദ്യമേ വിലക്കുന്നതു നല്ലതാണെന്നും പട്ടക്കാരെ സാക്ഷിപ്പട്ടികയിൽ ചേർക്കേണ്ടാ എന്നും ചേർത്തു കൊടുത്തു എന്നു വരുകിൽ അവരെ വരുത്തി വിസ്തരിക്കരുത് എന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1240. മണലിൽ മാത്യൂസ് കത്തനാർക്കു. താൻ പൗലോച്ചന്റെ പേർക്കു കൊടുത്തിരിക്കുന്ന കേസു പിൻവലിക്കണമെന്നും അല്ലാത്തപക്ഷം പല കുഴപ്പങ്ങൾക്കും കാരണമായി തീരുമെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1241. ചെറിയമഠത്തിൽ യാക്കൂബ് കത്തനാർക്കു. മൂപ്പച്ചന്റെ മനോസ്ഥിരതയുടെ കുറവു നിമിത്തമോ മാന്നാത്തുകാരന്റെ സംഗതിയിൽ കരിങ്ങണാമറ്റത്തു കത്തനാരോടുള്ള അതൃപ്തി നിമിത്തമോ വല്ലതുമൊക്കെ പറഞ്ഞുവെന്നു വരികിലും തന്റെ നിലയും വിലയും ...തൊന്നും താൻ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നില്ലെന്നും കരിങ്ങണാമറ്റത്തു കത്തനാരച്ചനോടുള്ള വഴക്കും സമുദായ വഴക്കും തമ്മിൽ യാതൊരു സംബന്ധവുമില്ലെന്നും മറ്റും. 1100 വൃശ്ചികം 14-നു. തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1242. പാലപ്പള്ളിൽ പൗലൂസു കശീശായ്ക്കു. ചാപ്പലിനു ഗവണ്മെന്റ് അനുവാദം ഉടനെ സാധ്യമല്ലല്ലോ എന്നും അതു കൂടെയാണ് എന്റെ യാത്രയുടെ ഉദ്ദേശ്യം എന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1243. അഞ്ചേരിൽ വർക്കിപ്പിള്ളയ്ക്കു. കേസിനെ സംബന്ധിച്ചും റാണിയെ കണ്ടാൽ ഉടൻ കോട്ടയത്തിനു വരുന്നതാണെന്നും മറ്റും. 1100 വൃശ്ചികം 14-നു. തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും.

1244. യോഹന്നാൻ ശെമ്മാച്ചനു. സെന്റ് പീറ്റേഴ്സ് സ്കൂൾ വാദ്ധ്യാർ. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1245. തൈക്കടവിൽ പുത്തൻവീട്ടിൽ ഗീവറുഗീസു കത്തനാർക്കു. നമ്മുടെ കുന്നന്താനത്തു പള്ളിയിൽ വികാരിയായി തന്നെ നാം നിയമിച്ചിരിക്കുന്നെന്നും ഇതോടുകൂടി പള്ളിക്കാർക്കും മുണ്ടപ്പിലാക്കൽ യാക്കോബു കത്തനാർക്കും ഓരോ കല്പന അയക്കുന്നതു കൊടുക്കണമെന്നും പള്ളിക്കാര്യങ്ങൾ ക്രമമായി നടത്തിക്കൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1246. മുണ്ടപ്പിലാക്കൽ യാക്കോബു കത്തനാർക്കു. നമ്മുടെ കുന്നന്താനത്തു പള്ളിക്കാരുടെ ആത്മീയ ദിഷ്ടതികൾ തന്നെക്കൊണ്ടു ഏതെങ്കിലും നടത്തിക്കണമെന്നു അവർ വിചാരിക്കുന്നപക്ഷം ആയതു വീഴ്ച കൂടാതെ നടത്തി



ക്കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1247. കുന്നന്താനത്തു പള്ളിക്കാർക്കു. നിങ്ങളുടെ അപേക്ഷപ്രകാരം തൈക്കടവിൽ പുത്തൻവീട്ടിൽ ഗീവറുഗീസു കത്തനാരെ ആ പള്ളി വികാരിയായി നിയമിച്ചിരിക്കുന്നുവെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1248. കിഴക്കേത്തലയ്ക്കൽ ഗീവറുഗീസു ശെമ്മാശനു. വർത്തമാനങ്ങൾക്കും മറ്റും എഴുതിയയ്ക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1249. മട്ടയ്ക്കൽ അലക്സന്ത്രയോസു മല്പാനു. അയച്ച എഴുത്തിനു മറുപടി അയച്ചു എന്നും പരുമല കാര്യങ്ങൾക്കു കുഴപ്പം കൂടാതെ കൂടിയാലോചനയോടുകൂടി നടത്തിക്കണമെന്നും മറ്റും. 1100 വൃശ്ചികം 16-നു. തിരുവനന്തപുരം.

1250. ഫീലിപ്പോസു കത്തനാർക്കു. വർത്തമാനങ്ങൾക്കും കണ്ടനാട് മെത്രാച്ചൻ അവരോടു കൂടിയതറിയുന്നതിൽ ക്ലേശിക്കുന്നു എന്നും ...

1251. ചെറിയമഠത്തിൽ അന്ത്രയോസു കത്തനാർക്കു. ...

1252. പൗലൂസ് കത്തനാർ പാലപ്പള്ളി. വർത്തമാനങ്ങൾക്കും മറ്റും. 1100 വൃശ്ചികം 18-നു. തിരുവനന്തപുരം പള്ളിയിൽ നിന്നും.

1253. കെ. പി. അബ്രഹാം വക്കീലിനു. കേസുകളെക്കുറിച്ചും വിവരത്തിനു എഴുതണമെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1254. എറികാട്ടു മാത്തു ചാക്കോ (കൊച്ചു കുഞ്ചപ്പനു). വർത്തമാനങ്ങൾക്കും മറ്റും. ടി സ്ഥലം. ടി തീയതി.

1255. വട്ടശ്ശേരിൽ ഫീലിപ്പോസു കത്തനാർക്കു. കറ്റാനത്തെ നിലത്തിന്റെ പാട്ടക്കാരെക്കൊണ്ടു പാട്ടച്ചീട്ടു എഴുതിച്ചതു നന്നായെന്നും മറ്റു വർത്തമാനങ്ങൾക്കും. ടി സ്ഥലം. ടി തീയതി.

1256. പാറേട്ട് മാത്യൂസ് കത്തനാർക്കു. ഒരാഴ്ചത്തെ താമസം കൂടി കാണുമെന്നും ജോൺ വക്കീലിന്റെ എഴുത്തനുസരിച്ചു പണിക്കരച്ചനും താനും കൂടി

ഇത്രടം വരുമെന്നു വിചാരിക്കുന്നു എന്നും മറ്റും. 1100 വൃശ്ചികം 13. തിരുവനന്തപുരത്തു പള്ളി.

1257. അയിരൂർ വില്ലോത്തു നയിനാ വറുഗീസിനു. കുറുന്തോപ്പിൽ അച്ചനെ വരുത്തി ചോദിച്ചു വിവരം നാം തന്റെപേർക്കു അയച്ച കല്പന കിട്ടാഴികയാൽ നാം ഖേദിക്കുന്നു എന്നും മറ്റു വർത്തമാനങ്ങളെക്കുറിച്ചും മറ്റും. 1100 വൃശ്ചികം 21. തിരുവനന്തപുരം.

1258. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കും തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കും കൂടെ. നമുക്കു സുഖം ഉണ്ടെങ്കിൽ ഉടനെ അങ്ങോട്ടു വരുന്നതാണെന്നു. അല്ലെങ്കിൽ അവിടെ നമ്മുടെപേർക്കു എഴുതി വാങ്ങിക്കുന്നതിനു പീടികയിൽ കത്തനാരെ കണ്ടു പറയുന്നതിനും മറ്റും കൊച്ചുമെത്രാച്ചനെ അയക്കാമെന്നും മറ്റും. ടി തീയതി. തിരുവനന്തപുരത്തു പള്ളി.

1259. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. തടി കൺട്രാക്ടിന്റെ കാര്യം മുതലാളിയോടു പറഞ്ഞു ... അനുസരിച്ചു മുതലാളി സമ്മതിച്ചെന്നും ... കിട്ടിയെന്നും അടുത്ത ആഴ്ചയിൽ ഇവിടെ നിന്നു പരുമലയ്ക്കു പോകുമെന്നും മറ്റും. 21-നു തിരുവനന്തപുരത്തു സുറിയാനി പള്ളി.

1260. വയലിറക്കത്തു ഗീവറുഗീസിനു. ശെമ്മാശ്ശന്റെ കല്യാണത്തെക്കുറിച്ചു അനുഗ്രഹ കല്പന. ടി സ്ഥലം. ടി തീയതി.

1261. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. വാത്സല്യ മകൻ പാപ്പിയുടെ കല്യാണത്തെക്കുറിച്ചു അനുഗ്രഹ കല്പന. ടി സ്ഥലം. ടി തീയതി.

1262. മട്ടയ്ക്കൽ അലക്സന്ത്രയോസു കത്തനാർക്കു. വർത്തമാനങ്ങളെക്കുറിച്ചും മല്പാനെ വിസ്തരിക്കുന്നതിനു നോട്ട് താൻ തന്നെ എഴുതണമെന്നും ഉതുപ്പച്ചനെ അയക്കാൻ നോക്കാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1263. അഞ്ചേരിൽ വർക്കിപ്പിള്ളയ്ക്കു. കൊച്ചാപ്പിയുടെ കേസിനെക്കുറിച്ചു ആലോചിക്കുന്നതിനും മല്പാനെ 17-നു വിസ്തരിക്കുന്നു എന്നതിനു ഹർജി കൊടുത്തതു അനുവദിച്ചതു അറിഞ്ഞു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1264. കോട്ടയത്തു എറികാട്ടു കല്ലറയ്ക്കൽ കുഞ്ചപ്പൻ അവർകൾക്കും ഉപ്പൂട്ടിൽ കുര്യച്ചനും കൂടി. നാളെയോ നാളത്തെ കഴിഞ്ഞോ നിങ്ങൾ ഇരുവരും കൂടി ഇത്രടം വരണമെന്നും ഇവിടെവച്ച് ഭാവി നടപടികളെക്കുറിച്ചാലോചിപ്പാൻ സൗകര്യമുണ്ടെന്നും മറ്റും. 1100 വൃശ്ചികം 23-നു തിരുവനന്തപുരം പള്ളി.

1265. കെ. എം. മാമ്മൻ മാപ്പിള അവർകൾക്കു. മണലിൽ കത്തനാരുടെ കേസു പിൻവലിപ്പിക്കുന്നതിനു ...

1266. കേസുകളെക്കുറിച്ചും വർത്തമാനങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1267. പടിഞ്ഞാറേത്തലയ്ക്കൽ ജോർജ് ജോസഫിന്. എതൃകക്ഷികളുടെ ആലോചന അറിയിച്ചു തന്നതിൽ സന്തോഷിക്കുന്നു എന്നും നമ്മുടെ ഭാവി നടപടികളെക്കുറിച്ചു ആലോചിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1268. ചെറിയമഠത്തിൽ കൊച്ചു യാക്കോബു കത്തനാർക്ക്. നാം കോട്ടയത്തു വരുമ്പോൾ നിങ്ങളും കരിങ്ങണാമറ്റത്തിൽ കത്തനാരച്ചനും തമ്മിലുള്ള പിണക്കം പറഞ്ഞു നിങ്ങളെ വേണ്ടത്ര പറയാമെന്നാശിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1269. ഫീലിപ്പോസു കശീശാ പരുമല. തിങ്കളാഴ്ചയോടുകൂടി ഇവിടെ നിന്നു പുറപ്പെടുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

1270. പറമ്പിൽ പി. ജി. കോശിക്കത്തനാർക്കു. ബ്രഹ്മവാർ തനിക്കു സുഖക്കേടായിരുന്നു എന്നറിയുന്നതിൽ ഖേദിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1271. പുലിക്കോട്ടിൽ മത്തായി കശീശാ പഴഞ്ഞി. എതൃകക്ഷികളുടെ ഭീഷണിയെ വകവയ്ക്കേണ്ട എന്നും മേൽനടപടികളെക്കുറിച്ചു ആലോചിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1272. പഴഞ്ഞി പള്ളിക്കാർക്കു. അവിടുത്തെ അച്ചന്മാർക്കു മാസംതോറും പള്ളിയിൽ നിന്നു സഹായമായി ഒരു സംഖ്യ കൊടുക്കണമെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1273. ഗീവറുഗീസ് ക്ലേറി വി. സി. മാവേലിക്കര. പട്ടം ഏൽക്കുന്നതു സന്തോഷമാണെന്നും മേൽജീവിതത്തെക്കുറിച്ചു ഒരു വ്യക്തത ആവശ്യമാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1274. പി. വി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

1275. മങ്കുഴി തോമ്മസു കത്തനാർക്കു. കരിങ്ങണാമറ്റത്തു കത്തനാരു മുണ്ടക്കയത്തു നിന്നും മാറുന്നപക്ഷം തന്റെ കാര്യം നാം ഓർക്കുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1276. പീലക്സിനോസ് മെത്രാച്ചനു. വർത്തമാനത്തെക്കുറിച്ചും കുറച്ചുനാൾ കുണ്ടറ വന്നു താമസിക്കുന്നതു നല്ലതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1277. കൊച്ചുമാമ്മനു. മണലിൽ കത്തനാരുടെ കേസിനെക്കുറിച്ചും ... ക്കുറിച്ചും. 2-5-1100.

1278. ഇ. ഐ. ജോസഫ് അവർകൾക്കു. വർത്തമാനങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

1279. പാലപ്പള്ളിൽ പൗലോസ് കത്തനാർക്കു. അയച്ച എഴുത്തും ... കിട്ടിയെന്നു. 1100 ധനു 27-നു തിരുവനന്തപുരം.

1280. പാറേട്ട് മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി.

1281. വി. പി. ഫീലിപ്പോസു കശീശ്ശായ്ക്കു. ഇവിടുത്തെ കാര്യങ്ങളും വർത്തമാനങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

1282. എറികാട്ടു മാത്തു ചാക്കോ അവർകൾക്കു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

1283. ... തെക്കേവീട്ടിൽ കോശി വാദ്ധ്യാർക്കു. ... ടി തീയതി. തിരുവനന്തപുരം പള്ളി.

ധനു 5-നു 10 മണിക്കുള്ള ട്രെയിനിൽ 12 മണിക്കു കുണ്ടറയിറങ്ങി താമസിച്ചു. കൂടെ കൊച്ചുമെത്രാച്ചനും മറ്റും ഉണ്ടായിരുന്നു.

1284. കെ. എം. മാമ്മൻ മാപ്പിള അവർകൾക്കു. ... മാമ്മൻ എന്ന മുൻഷിയെ നമ്മുടെ രാജസ്കൂളിലെ മുൻഷിയുടെ ഒഴിവിൽ നിയമിക്കുന്നതിനും മറ്റും ഒരു ശിപാർശിക്കത്തു. 1100 ധനു 5-നു. മാർതോമ്മാ സിമ്മനാരി, കുണ്ടറ.

1285. റ്റി. കെ. മാത്യുവിനു. അംശവടിയുടെ ഫോട്ടോ എടുത്തു അയക്കുന്നതിനു എഴുതിയിട്ടുണ്ടെന്നും മറ്റും. 1100 ധനു 9-നു. കുണ്ടറ സിമ്മനാരിയിൽ നിന്നും.

1286. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനു. ഞങ്ങൾ ഇവിടെ നിന്നു പരുമലയ്ക്കു വള്ളം കയറുന്നതാണെന്നു. 1100 ധനു 7. കുണ്ടറ സിമ്മനാരി.

1287. പാറേട്ടു മാത്യൂസ് കത്തനാർക്കു. ... അംശവടിയുടെ ഒരു ഫോട്ടോ എടുപ്പിച്ചു കുന്നംകുളങ്ങര തെക്കേക്കര റ്റി. കെ. മാത്യുവിന്റെ പേർക്കു അയച്ചു കൊടുക്കണമെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1288. കെ. പി. പുന്നൂസു വക്കീലിനു. കുഞ്ഞിന്റെ സുഖക്കേടിനെക്കുറിച്ചു ദുഃഖിക്കുന്നു എന്നും സഭാകാര്യം കാഴ്ചയിൽ വിശദമായി പറയാമെന്നും പോത്തച്ചനും വക്കീലും കൂടി സഞ്ചരിക്കുന്നതു നല്ലതാണെന്നും എഴുത്തിനു മറുപടി. ടി തീയതി.

1289. വി. പി. തൊമ്മൻ മാസ്റ്റർക്കു. നാളെ ഉച്ചകഴിഞ്ഞു പരുമലയ്ക്കു വള്ളം കയറുമെന്ന വിവരം കുര്യച്ചൻ മൂലം അറിഞ്ഞിരിക്കുമല്ലോ എന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1290. എറികാട്ടു മാത്തു ചാക്കോ അവർകൾക്കു. നാം ഇന്നലെ സന്ധ്യയ്ക്കു ഇവിടെ വന്നു എന്നും സിവിൽക്കേസിന്റെ ... മെന്നും മറ്റും. 1100 ധനു 10-നു. പരുമല സിമ്മനാരിയിൽ നിന്നും.

8-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞു കൊല്ലത്തു വന്നു വള്ളം കയറി 9-നു സന്ധ്യയ്ക്കു പരുമല സിമ്മനാരിയിൽ വന്നു.

1291. ചുങ്കത്തു വറിയതു ഇയ്യുവിനു. ബിഷപ്പിനു എഴുതി അയക്കുന്നതിനു പണിക്കരു കത്തനാരച്ചന്റെ പേർക്കു നാം എഴുതിത്തന്ന ... പണിക്കരു കത്തനാരച്ചൻ ... മറ്റും. 1100 ധനു 11-നു പരുമല സിമ്മനാരി.

1292. ... വറീതു ഇയ്യുവിന്റെ എഴുത്ത്. ...

1293. ... ഗീവറുഗീസു കത്തനാർക്കു. അവിടുത്തെ ... എന്നും മറ്റും. 1100 ധനു 12. പരുമല.

1294. മാങ്കാവിൽ ഗീവറുഗീസു കത്തനാർക്കു. കാതോലിക്കായെയും മെത്രാന്മാരെയും വാഴിക്കുന്നതിനെക്കുറിച്ചും തിരുവനന്തപുരം യാത്രയെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

1295. കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാർക്കു. പുതിയ പള്ളി സ്ഥാപി

ക്കുന്നതിൽ ഈ മാസം 21-നു കുരിശു വച്ചു ചൊല്ലുന്നതിനു നാം അനുവദിച്ചിരിക്കുന്നുയെന്നും വിഗാരിക്കടുത്ത സകല ചുമതലകളും തടസം കൂടാതെ നടത്തിക്കൊള്ളുന്നതിനു തന്നെ അധികാരപ്പെടുത്തിയിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1296. ഏ. ജി. ഏബ്രഹാം ശെമ്മാശ്ശനു. തിരുവനന്തപുരം യാത്രയെക്കുറിച്ചും. ... വർത്തമാനങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1297. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. വാകത്താനത്തുകാരൻ ... 1100 ധനു 13-നു. പരുമല സിമ്മനാരി.

1298. വള്ളക്കാലിൽ മാത്തുള്ളയ്ക്കു. ... ആലോചിപ്പാൻ ... ഇവിടെ വരുന്നതിനും ആ കൂട്ടത്തിൽ മാടത്തിൽ പടിഞ്ഞാറേതിൽ ഈശോയേയും കൊണ്ടു പോരണമെന്നും മറ്റും. 1100 ധനു 14-നു. പരുമല സിമ്മനാരിയിൽ നിന്നും.

1299. കൊച്ചുമെത്രാച്ചനു. വാകത്താനത്തു മെത്രാച്ചന്റെ പേർക്കു നാം എഴുതുന്നുണ്ടെന്നും കോട്ടയത്തു ഉള്ളപ്പോൾ മെത്രാച്ചനുമായി കണ്ടു സംസാരിക്കുവാൻ സൗകര്യമുണ്ടെന്നും മറ്റും. മെത്രാച്ചൻ ... എന്നും മറ്റും. 1100 ധനു 15 -നു. പരുമല സിമ്മനാരിയിൽ നിന്നും.

1300. വാകത്താനത്തു മെത്രാച്ചനു. 15-ാം തീയതിക്കു എത്തുന്നതിനു നിവൃത്തിയില്ലെന്നു കൊച്ചുമെത്രാച്ചൻ മൂലം അറിയുന്നതിനിടയായി എന്നും സൗകര്യമുള്ള വേറൊരു പെരുന്നാൾ ദിവസം നിശ്ചയിച്ചു മുമ്പുകൂട്ടി തീർച്ചപ്പെടുത്തി എഴുതി അയച്ചു. ... കൂടി കുണ്ടറെ ചെന്നു താമസിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1301. ... അബ്രഹാം അവർകൾക്ക്. ... 1100 ധനു 15-നു. പരുമല സിമ്മനാരി.

1302. കല്ലുങ്കൽ മത്തായി ശെമ്മാശ്ശനു. ... മടക്കി അയക്കണമെന്നും മറ്റും. 1100 ധനു 15. പരുമല സിമ്മനാരി.

1303. ഇ. ഐ. ജോസഫ് അവർകൾക്ക്. സമരിക്കേസു സിവിൽ ഇഞ്ചക്ഷന്റെ തീരുമാനം വരെ നിർത്തിവയ്ക്കണമെന്നുള്ള ഉത്തരവിൽ ... 1100 ധനു 17-നു. പരുമല സിമ്മനാരിയിൽ നിന്നും.

1304. ഇലഞ്ഞിക്കൽ ... ഫീലിപ്പോസു അവർകൾക്ക്. സിവിൽ ഇഞ്ചക്ഷൻ ...

1305. പി. വി. തൊമ്മൻ മാസ്റ്റർക്കു. ... കൊടുക്കുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1306. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. ജഡ്ജ്മെന്റ് ഉടനെ അയച്ചുതരണമെന്നും സമരിയുടെ ഉത്തരവിന്മേൽ അപ്പീലിനെക്കുറിച്ചു വേണ്ടതു ശ്രമിച്ചുകൊള്ളണമെന്നും. ടി തീയതി. ടി സ്ഥലം.

1307. അഞ്ചേരിൽ വർക്കിപ്പിള്ളയ്ക്കു. അമയന്നൂരുകാരന്റെ കേസിലെ ഡിക്രി ഉടനെ അയച്ചുതരുന്നതിനു ഫീലിപ്പോച്ചനു നാം എഴുതിയിട്ടുണ്ടെന്നും താമസംവിനാ നാം കോട്ടയത്തിനു വരുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1308. അഞ്ചേരിൽ കോശി വക്കീലിനു. സമരിക്കേസു നിർത്തിവയ്ക്കണമെന്നുള്ള ഉത്തരവിന്മേൽ അപ്പീൽ കൊടുക്കുന്നതിനു വേണ്ടതു ശട്ടംകെട്ടിക്കൊള്ളണമെന്നു. ടി തീയതി. ടി സ്ഥലം.

1309. പാലപ്പള്ളിൽ പൗലൂസ് കശീശായിക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1310. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. കേസുകൾ നടത്തിവരുന്നതു കൂടാതെ റിവിഷൻ ഉടൻ കൊടുക്കുന്നതാണെന്നും കാതോലിക്കായെ ഉടൻ വാഴിക്കുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1311. പുളിമൂട്ടിൽ തോമ്മസ് അവർകൾക്ക്. ഈ കല്പനയും കൊണ്ടുവരുന്ന ആളിന്റെ വശം നമ്മുടെ പാസുബുക്കു കൊടുത്തയക്കുന്നു. നാം പറ്റിയതു നീക്കി കണക്കു നോക്കി ബാക്കി ഇവൻ വശം കൊടുത്തയക്കണമെന്നു. 1100 ധനു 17-നു. പരുമല സിമ്മനാരിയിൽ നിന്നും.

1312. കിഴക്കേത്തലയ്ക്കൽ തോമ്മാ കത്തനാർക്കു. കൂർത്തമല പള്ളിയിൽ ശവം അടക്കിയതിനെക്കുറിച്ചുള്ള ...ത്തെക്കുറിച്ചു തന്റെ റിപ്പോർട്ടു കിട്ടിയെന്നു താനും പള്ളിക്കാരും കൂടി രണ്ട് ആഴ്ചയ്ക്കകം നമ്മുടെ അടുക്കൽ വന്നുചേരണം. 1100 ധനു 17. പരുമല.

1925-നു 1100 ധനു 18-നു മുതലുള്ള ഡയറി

1. കല്ലറയ്ക്കൽ ഇ. ഐ. ജോസഫ് അവർകൾക്ക്. സമരിക്കേസു നിർത്തിവയ്ക്കണമെന്നുള്ള ഓർഡറിന്മേൽ അപ്പീൽ കൊടുക്കേണ്ടതിനു ആവശ്യമുള്ള റിക്കാർട്ടുകൾ എടുപ്പിക്കുന്നതിനു ഉത്സാഹിപ്പിക്കണമെന്നും ഇലഞ്ഞിക്കലെ ഉതുപ്പച്ചന്റെ ഒരു എഴുത്തു ഇതു സഹിതം അയയ്ക്കുന്നുവെന്നും മറ്റും. 1100 ധനു 18-നു. 1925. പരുമല.

2. ഇ. ജെ. ഫീലിപ്പോസു ബി.എ. ബി.എൽ. ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ഓർഡറിന്റെ പകർപ്പു അങ്ങോട്ടു അയക്കുന്നുവെന്നും ഇനിമേൽ അപ്പീൽ കൊടുക്കുന്നതിനു അമാന്തിക്കരുതെന്നും. ടി തീയതി. ടി സ്ഥലം.

3. ഇ. ജെ. ഉതുപ്പു അവർകൾക്ക്. ഉതുപ്പച്ചന്റെ എഴുത്തിൻപ്രകാരമുള്ള റിക്കാർട്ടുകൾ എടുപ്പിക്കുന്നതിനു കോട്ടയത്തിനു എഴുതിയിട്ടുണ്ടെന്നും അപ്പീൽ കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കയാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

4. തയ്യിൽ മാത്തുച്ചനു. സിവിൽ ഇഞ്ചക്ഷൻ കേസു വിസ്തിപ്പിക്കാതെ തള്ളിക്കുന്നതിനു കൃഷ്ണയ്യങ്കാരെ വരുത്തി വിളിപ്പിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

5. എറികാട്ടു കൊച്ചുകുഞ്ചപ്പനു. സമരി നിർത്തിവെയ്ക്കണമെന്നുള്ള ഓർഡറിനെക്കുറിച്ചു വിചാരപ്പെട്ടിട്ടു ആവശ്യമില്ല. അതിന്മേൽ അപ്പീൽ ചെയ്യണമെന്നും അതിനു ഉത്സാഹിക്കുന്നു എന്നും മറ്റും. 1925-നു 1100 ധനു 18. പരുമല സിമ്മനാരിയിൽ നിന്നും.

6. നെടുന്തെള്ളിൽ സ്കറിയാ കത്തനാർക്കു. അയച്ച എഴുത്തു കിട്ടി. ദൈവിക സഹായം ഉണ്ടാകാൻ ആഗ്രഹിക്കുന്നു. നമ്മുടെ കൂട്ടത്തിൽപ്പെട്ട ആളാണ്. ... അഭിപ്രായമോ ആയി കോട്ടയത്തു ... അറിയിച്ചപ്രകാരമാണെങ്കിൽ വൃദ്ധനും സുഖ ... മല്പാനു വല്ല ആശയും ഉണ്ടെങ്കിൽ മാത്രം ഇതിനുത്സാഹിച്ചാൽ മതിയെന്നും അങ്ങിനെയാണെങ്കിൽ കത്തു മൂലം അറിഞ്ഞതിനുമേൽ നാം അവിടെ എത്തിക്കൊള്ളാമെന്നും മകര മാസം മൂന്നാം തീയതി അവിടെ എത്തിക്കൊള്ളാമെന്നും മറ്റും. 1100 ധനു 18-നു. പരുമല.

7. ഇ. ജെ. ഫീലിപ്പോസ് അവർകൾക്ക്. അയച്ച എഴുത്തു കിട്ടിയെന്നും പകർപ്പ് കിട്ടിയാലുടനെ അയച്ചുതരുന്നതാണെന്നും വട്ടിപ്പണക്കേസിന്റെ ജഡ്ജ്മെന്റ് ഒട്ടുമില്ലെന്നും അതു ഉടനെ അയപ്പിക്കണമെന്നും ... കേസിലെ ജഡ്ജ്മെന്റ് ഉടനെ വാങ്ങിച്ചു വർക്കിപ്പിള്ളയ്ക്കു അയച്ചുകൊടുക്കണമെന്നും മറ്റും. 1100 ധനു 22-നു. പരുമല സിമ്മനാരിയിൽ നിന്നും.

8. പി. വി. ഏബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്കും കേസിന്റെ നടത്തിപ്പിനെക്കുറിച്ചും മറ്റും. 1100 ധനു 23. ടി സ്ഥലം.

9. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. 16-നു ഒരു കല്പന തന്റെ പേർക്കു അയച്ചിട്ടുണ്ടെന്നും തിരുവനന്തപുരം വാർത്തകൾ മുൻ കത്തിൽ എഴുതിയിട്ടുണ്ടെന്നും കിട്ടിയില്ലെങ്കിൽ പുറകെ എഴുതാമെന്നും മറ്റും. 1100 ധനു 23. ടി സ്ഥലം.

10. കൊച്ചുമെത്രാച്ചനു. ... ശെമ്മാശ്ശൻ അയച്ച ഒരു എഴുത്തു മേൽവിലാസം തെറ്റി ഇവിടെ പൊട്ടിച്ചത് ഇതു സഹിതം അയക്കുന്നു എന്നും മറുപടി അവിടുന്നു തന്നെ എഴുതുന്നതു നന്നാണെന്നും വാകത്താനത്തു മെത്രാച്ചന്റെ ഒരു സാധനം കിട്ടിയിട്ടുണ്ടെന്നും അതിൽ ഇപ്പോൾ നാം അഭിപ്രായം ഒന്നും പറയുന്നില്ലെന്നും കോട്ടയത്തിനു പോകുമ്പോൾ പറഞ്ഞുകൊള്ളാമെന്നും. 23-1-1100.

11. വാകത്താനത്തു മെത്രാച്ചനു. സാധനം കിട്ടി എന്നും ഏതുവിധത്തിലാണ് വേണ്ടതു എന്നുള്ളതിലേക്കു സ്വന്ത അഭിപ്രായങ്ങളെ ...പ്പെടുത്തി എഴുതുന്നതു നന്നായിരിക്കുമെന്നും ഇനി നാം തമ്മിൽ കാണുമ്പോൾ സംസാരിച്ചുകൊള്ളാമെന്നും മറ്റും. 23-6-1100. ടി സ്ഥലം.

12. ജെ. പൗലോസിനു. മല്പാനുമായി കണ്ടു സമാധാനാലോചനയ്ക്കു വേണ്ടിയുള്ള ഒരു കല്പന. 1100 ധനു 23-നു. ടി സ്ഥലം.


13. പാലപ്പള്ളിൽ പൗലോസ് കത്തനാർക്കു. മൂപ്പിലെ ദീനവാർത്തയെക്കുറിച്ചും മറ്റു വർത്തമാനങ്ങളെക്കുറിച്ചും മറ്റും. 1100 മകരം 25. ടി സ്ഥലം.

14. എം. പി. പത്രോസു ശെമ്മാശ്ശന്. കർമ്മേൽ സ്ഥലം സഭയുടെ ... ആവശ്യത്തിലേക്കായി നാം വാങ്ങിയിട്ടുള്ളതാണെന്നും അതിന്റെ അവകാശം ഒഴിഞ്ഞു ആധാരം എഴുതിത്തരുന്നതു അസാധ്യമാണെന്നും ... 1100 ധനു 25. പരുമല.

(തുടരും)

വിശ്വാസ പഠനം

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 14



ഡോ. തോമസ് മാർ അത്താനാസിയോസ്

പഴയനിയമത്തിലെ ധർമ്മവിചാരം കണ്ടെത്തുന്നത് ന്യായപ്രമാണത്തിലും അവിടെ പ്രതിഫലിക്കുന്ന നീതിസങ്കല്പത്തിലുമാണ് എന്ന് നാം നിരീക്ഷിച്ചു കഴിഞ്ഞു. പുതിയനിയമത്തിൽ ഇത് അന്വേഷിക്കേണ്ടത് സുവിശേഷങ്ങളിലും ഇതര പുതിയനിയമ രേഖകളിലുമാണ്. അവിടെ ഈ വിഷയം കൈകാര്യം ചെയ്യുന്നത് എത്രമാത്രം ന്യായപ്രമാണവുമായുള്ള ബന്ധത്തിലാണ് എന്നത് നിർണ്ണായകമാണ്. പുതിയനിയമധാർമ്മികത രൂപപ്പെടുന്നത് ന്യായപ്രമാണാടിസ്ഥാനത്തിലാണെങ്കിൽ അവ തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാണ്. എന്നാൽ ന്യായപ്രമാണം തിരസ്കരിച്ചുകൊണ്ടാണ് പുതിയനിയമം അതിന്റെ ധാർമ്മികത രൂപപ്പെടുത്തുന്നതെങ്കിൽ യേശുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും നീതിസങ്കല്പം പഴയനിയമത്തിൽ നിന്നും സ്വതന്ത്രമാണ് എന്ന നിഗമനത്തിൽ എത്തേണ്ടി വരും.



അതുപോലെ ധാർമ്മികതയുടെ ഉള്ളടക്കം സംബന്ധിച്ച് ന്യായപ്രമാണവും സുവിശേഷവും വ്യത്യസ്തതയും വൈരുദ്ധ്യവും പുലർത്തുന്നുവെങ്കിലും അവ തമ്മിൽ വെറും ഔപചാരിക ഐക്യം മാത്രമേയുള്ളൂ എന്നു ചിന്തിക്കേണ്ടതായും വരും.

യേശു തന്റെ നീതിസങ്കല്പം ന്യായപ്രമാണവുമായി ബന്ധപ്പെടുത്തിയാണോ സുവിശേഷങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ അന്വേഷണം ആരംഭിക്കാം. മത്തായിയുടെ സുവിശേഷപ്രകാരം യേശു ഈ വിഷയം സംബന്ധിച്ച് എന്തു ചിന്തിക്കുന്നു എന്ന സൂചന നൽകുന്ന ഭാഗങ്ങൾ ഉണ്ട് .യേശു പറയുന്നു: “ഞാൻ വന്നിരിക്കുന്നത് ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നീക്കിക്കളയുവാൻ (katalusai) അല്ല പ്രത്യുത പൂർത്തീകരിക്കുവാനാ (pleirosai) ണ് (മത്തായി 5:17). ഇവിടെ പഴയനിയമത്തോടും പ്രത്യേകിച്ച് ന്യായപ്രമാണത്തോടും പ്രവാചകരേഖകളോടും ഉള്ള യേശുവിന്റെ സമീപനമാണ് വ്യക്തമാകുന്നത്. ന്യായപ്രമാണത്തിനും പ്രവചനത്തിനും സാധുതയുണ്ട് എന്നും തന്റെ നീതിസങ്കല്പം അതിനു വിരുദ്ധമല്ല എന്നും ഉള്ള വ്യക്തമായ സൂചനയാണ് ഇവിടെ യേശു നൽകുന്നത് . ഈ കാഴ്ചപ്പാട് കൂടുതൽ മൂർച്ചയുള്ളതാക്കുന്നതിനായി യേശു തുടർന്നു പറയുന്നു: “എല്ലാം നിവർത്തിയാകുന്നതു വരെ ന്യായപ്രമാണത്തിലെ ഒരു ചില്ലക്ഷരം പോലും അഴിഞ്ഞുപോവുകയില്ല” (മത്താ. 5:17).

ഈ വചനത്തിൽ പ്രത്യക്ഷപ്പെടുന്ന രണ്ട് ക്രിയകൾ ശ്രദ്ധാർഹമാണ്. In I അതിൽ ഒന്ന് ‘katalusai’ എന്നതാണ്. ഇതിന്റെ ഒരർത്ഥം നിർത്തലാക്കുക, കാലഹരണപ്പെടുത്തുക, റദ്ദാക്കുക (abolish , nullify)എന്നെല്ലാമാണ്. മറ്റൊരർത്ഥം അയവു വരുത്തുക (relax) എന്നതാണ്. ഇവിടെ ന്യായപ്രമാണത്തെ നിർത്തലാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ താൻ ഉദ്ദേശിക്കുന്നില്ല എന്നാണ് യേശു പറയുന്നത് . അതിന്റെ മറുവശം എന്നത് ന്യായപ്രമാണത്തിന്റെ ആധികാരികത യേശു അംഗീകരിക്കുന്നു എന്നും അതിന് തുടർ സാധുതയുണ്ട് എന്നുമാണ്.

എന്നാൽ അത് അതേപടി തുടരുകയല്ല തന്റെ ഉദ്ദേശ്യം എന്നും യേശു കൂട്ടിച്ചേർക്കുന്നു. അത് എന്താണ് എന്നതാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ ക്രിയയിലൂടെ - pleirosai സൂചിപ്പിക്കുന്നത്. ചരിത്രത്തിൽ ആരംഭിച്ച് പ്രവാചകന്മാർ വ്യാഖ്യാനിച്ച ന്യായപ്രമാണം തന്നിൽ അർത്ഥപൂർണ്ണതയിൽ എത്തിയിരിക്കുന്നു എന്നതാണ് അത്. അതായത് ന്യായപ്രമാണത്തിന് ഒരു ലക്ഷ്യം (goal) ഉണ്ട്. യേശുവിൽ അതു ലക്ഷ്യപ്രാപ്തി പ്രാപിച്ചിരിക്കുന്നു. അതോടെ അവയ്ക്ക് അതിന്റെ അർത്ഥത്തിലും പ്രയോഗത്തിലും ഉണ്ടായ വഴിത്തിരിവ് (twist) ആണ് ഇവിടെ പരാമർശിക്കുന്നത്. ന്യായപ്രമാണത്തിന്റെ പൂർത്തീകരണം (telos) എന്ന് (റോമർ 10:4) പൗലോസ് പറയുമ്പോൾ അതോടെ ന്യായപ്രമാണം അവസാനിച്ചു എന്നല്ല. telos എന്ന പദത്തിന് നടന്നുവന്നതിന്റെ പൂർത്തീകരണം (culmination) എന്നാണ് അർത്ഥം. ചുരുക്കത്തിൽ ധർമ്മവിചാരത്തിന്റെ അടിത്തറ ന്യായപ്രമാണവും പ്രവാചകന്മാരും തന്നെയാണ് . എന്നാൽ അവയ്ക്ക് അർത്ഥത്തിലും നിർവ്വഹണത്തിലും തന്നിൽ പൂർത്തീകരണം വന്നിരിക്കുന്നു എന്നതാണ് യേശുവിന്റെ നിലപാട് .

പരീശന്മാരും ശാസ്ത്രാദ്ധ്യാപകരും ന്യായപ്രമാണത്തിനു വരുത്തിയ അർത്ഥവ്യത്യാസവും അനുഷ്ഠാനപരമായ വ്യാഖ്യാനവും താൻ അംഗീകരിക്കുന്നില്ല എന്നും യേശു വ്യക്തമാക്കുന്നു (5:20). അതിന്റെയർത്ഥം ന്യായപ്രമാണത്തിന്റെ നിരാകരണം അല്ല ; പരീശരുടെയും ശാസ്ത്രാദ്ധ്യാപകരുടെയും വ്യാഖ്യാനവും നടപടിയുമാണ് യേശുവിന് സ്വീകാര്യമല്ലാത്തത്. അതു തുടർഭാഗം വ്യക്തമാക്കുന്നു: നിങ്ങളുടെ നീതിശാസ്ത്രികളുടെയും പരീശരുടെയും നീതിയെ അധികരിക്കുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (5:20). ന്യായപ്രമാണത്തിന്റെ വിമോചനപരവും നിയോഗപരവുമായ അർത്ഥതലങ്ങൾ നിരാകരിച്ച് അതു നിയമപര (legalistic) വും അനുഷ്ഠാനപരവും ആയി ചുരുക്കുമ്പോൾ സംഭവിക്കുന്ന അപചയമാണ് ഇവിടെ സൂചന. നിയമത്തെ പ്രത്യേക രീതിയിൽ യഹൂദ പ്രമാണിമാർ ലംഘിക്കുന്നുവെന്നതാണ് യേശുവിന്റെ നിരീക്ഷണവും വിമർശനവും . അവർ നിസ്സാര വസ്തുക്കൾക്ക് പസാരം (thith) വാങ്ങുന്നതു തുടങ്ങിയവയെ പ്രമാണപ്പെട്ട നിയമങ്ങളാക്കി ഉയർത്തുകയും നിയമത്തിലെ കാതലായ വിഷയങ്ങളായ നീതി, കരുണ, വിശ്വസ്തത തുടങ്ങിയവയെ അവഗണിക്കുകയും ചെയ്യുന്നു . നിയമസംഹിതയെ ഉയർത്തിപ്പിടിക്കുകയും പ്രധാനമായതിനെ നിസ്സാരവത്കരിക്കുകയും ചെയ്യുന്നു . യേശു നിയമത്തിനു നൽകുന്ന പ്രാധാന്യവും യഹൂദർ അതിനെ നിസ്സാരവത്കരിക്കുന്നതും ആണ് ഇവിടെ പ്രമേയം .

സുവിശേഷങ്ങളുടെ തുടക്കം മുതൽ ന്യായപ്രമാണം പ്രതിനിധീകരിക്കുന്ന നീതിസങ്കല്പം പ്രകടമാണ്. മറിയാമിന്റെ പാട്ടിൽ (ലൂക്കോസ് 1:47-55) ക്രിസ്തുവിന്റെ ജനനത്തോടെ ആരംഭിക്കുന്ന പുതിയയുഗത്തിൽ ന്യായപ്രമാണനീതി ശക്തമായിത്തീരുമെന്നാണ് മറിയാം പാടുന്നത്. അവിടെ ദൈവം സിംഹാസനാരൂഢരെയും ധിക്കാരികളെയും അധികാരികളെയും ധനികരെയും നിലയ്ക്കു

നിർത്തി ദരിദ്രരെയും അശരണരെയും അവഗണിക്കപ്പെട്ടവരെയും ഉയർത്തി സമൂഹത്തിൽ നീതി നടപ്പാക്കും എന്നാണ് മറിയം വിഭാവനം ചെയ്യുന്നത്. ന്യായപ്രമാണനീതി ക്രിസ്തുവിൽ ഉറപ്പിക്കപ്പെടും എന്നാണ് മറിയം ആലപിക്കുന്നത്. പഴയനിയമത്തിലെ ജൂബിലി സങ്കല്പം വിഭാവനം ചെയ്യുന്ന നീതിയുടെ നിരപ്പാകൽ ക്രിസ്തുവിലൂടെ നടപ്പാകും എന്ന പ്രവചനമാണിത്.

മനുഷ്യരക്ഷയ്ക്ക് എന്തു ചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ സമീപിച്ച ന്യായശാസ്ത്രിയോട് അതിന് ഉത്തരം ന്യായപ്രമാണത്തിൽ തന്നെയുണ്ടല്ലോ എന്ന മറുപടിയാണ് യേശു നൽകുന്നത് (ലൂക്കോസ് 10:26, 28, 37). ന്യായപ്രമാണപ്രകാരം നീതി എന്നാൽ മനുഷ്യനെ സ്നേഹിക്കുക എന്നതാണ് എന്ന് യേശു അയാളെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ സ്നേഹിക്കുക, അപരനെ (ശത്രുവിനെ ഉൾപ്പെടെ) സ്നേഹിക്കുക (മത്തായി 5:43-48) എന്നതിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു എന്നതാണ് യേശുവിന്റെ പക്ഷം. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ മനുഷ്യരക്ഷയ്ക്കാവശ്യമായ ധാർമ്മികത ന്യായപ്രമാണങ്ങളിലും പ്രവചനങ്ങളിലും ഉണ്ട് എന്ന് യേശു ചൂണ്ടിക്കാണിക്കുന്നു (ലൂക്കോസ് 16:19).

ന്യായപ്രമാണത്തിന്റെ വിമർശകൻ എന്ന നിലയിൽ അറിയപ്പെടുന്ന പൗലോസിന്റെ ന്യായപ്രമാണം സംബന്ധിച്ച വീക്ഷണവും വ്യത്യസ്തമല്ല. ക്രിസ്തുവിലൂടെ ലഭ്യമായ കൃപയുടെയും രക്ഷയുടെയും പേരിൽ ന്യായപ്രമാണത്തിന്റെ സാധുത പൗലോസ് നിഷേധിക്കുന്നില്ല. അതു കാലഹരണപ്പെട്ടുപോയതായി പൗലോസ് വാദിക്കുന്നുമില്ല. പ്രസ്തുത അതിന്റെ പ്രാമാണ്യവും തുടർ സാദ്ധ്യതയും അദ്ദേഹം ഉറപ്പിക്കുന്നു. We do not overthrow law by the faith. By no means; on the contrary we uphold the Law (Rom 3: 3). മനുഷ്യസമൂഹത്തിനു ലഭിച്ച സാർവ്വത്രികരക്ഷ ന്യായപ്രമാണത്തിന്റെ അനുഷ്ഠാനം വഴി സിദ്ധിക്കുന്നു എന്നും അതിനാൽ ന്യായപ്രമാണം അപ്രസക്തമാകുന്നില്ല എന്നതുമാണ് അദ്ദേഹത്തിന്റെ ചിന്ത. Law is holy , and the commandment is holy and just and good (Rom. 7:12). ക്രിസ്തുവിൽ വെളിപ്പെട്ട നിയമം ന്യായപ്രമാണത്തിനു വിരുദ്ധമല്ല (ഗലാ. 5:23).

ന്യായപ്രമാണത്തിന്റെ സംക്ഷിപ്തരൂപമാണ് അയൽക്കാരനെ സ്നേഹിക്കണം എന്നത് (ഗലാ. 5:14). അതായത് ഇവിടെ ന്യായപ്രമാണത്തെ യേശുവും ശിഷ്യന്മാരും തള്ളിക്കളയുന്നില്ല. ന്യായപ്രമാണ - പ്രവാചകസന്ദേശങ്ങൾക്ക് നിലനിൽപ്പും സാധുതയും ഉണ്ട്. അതുകൊണ്ട് 'ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ ദൈവരാജ്യത്തിൽ ചെറിയവൻ എന്ന് വിളിക്കപ്പെടും' (whoever breaks one of the least of these commandments and teaches others to do the same, will be called the least in the kingdom of God) (മത്തായി 5:19). ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലുള്ള ധാർമ്മികവിചാരമാണ് പുതിയനിയമത്തിലേത് എന്നത് ഈ പഠനം വ്യക്തമാക്കുന്നു .

പഴയനിയമത്തിലെ ന്യായപ്രമാണം എങ്ങനെ ക്രിസ്തുവിൽ പൂർത്തീകരിക്കുന്നുവെന്നും അവയുടെ ലക്ഷ്യം ആർജ്ജിച്ചിരിക്കുന്നുവെന്നും നാം അന്വേഷിക്കണം. അതിന്റെ ഭാഗമായി രണ്ട് ന്യായപ്രമാണകല്പനകൾ യേശു വിശദീകരിക്കുന്നു. യേശു പറയുന്നു: കൊലപാതകം ചെയ്യരുത് എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ (പുറ 20:13; ആവ 5:16). ഈ കല്പന ഉദ്ധരിച്ചുകൊണ്ട് യേശു പറയുന്നു: മറ്റൊരുവനോട് ദേഷ്യപ്പെട്ടാൽ അവൻ ന്യായവിധിക്ക് അർഹനാകും . മറ്റൊരുവനെ അപമാനിച്ചാൽ അവൻ ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിൽക്കേണ്ടി വരും. ഒരുവനെ വിഡ്ഢി (moros) എന്നു വിളിച്ചാൽ അവൻ നരകശിക്ഷയ്ക്ക് അർഹനാകും (മത്തായി 5:27). പഴയനിയമന്യായപ്രമാണപ്രകാരം ഒരുവനെ കൊലപ്പെടുത്തുകയും അതിന് വിശ്വസനീയ സാക്ഷികൾ ഉണ്ടാവുകയും ചെയ്താൽ അതിനു തക്ക ശാരീരികശിക്ഷ അനുഭവിക്കേണ്ടി വരുന്നു. യേശുവാകട്ടെ ന്യായപ്രമാണനിയമത്തിന്റെ പൂർത്തീകരണമായി ഒരുവനെതിരെ ദേഷ്യപ്പെടുന്നതുപോലും കൊലപാതകത്തിനു തുല്യമാക്കുകയാണ്. 'വിഡ്ഢി' എന്നു വിളിച്ചാൽ നരകശിക്ഷയ്ക്കും അർഹനാകും. ഇവിടെ ആക്ഷേപിക്കുന്നതുപോലും കൊലക്കുറ്റത്തിന് തുല്യമാക്കുകയാണ് . ശിക്ഷയാകട്ടേ നരകശിക്ഷ വരെ ആവുകയും ചെയ്യുന്നു . അതുകൊണ്ട് ഇവിടെ കുറ്റത്തിന്റെ വ്യാഖ്യാനം മൗലികമാ (radical) ക്കുകയും ശിക്ഷ അതികഠിനമാക്കുകയും ആണ്.

സാധാരണഗതിയിൽ അവഹേളിക്കപ്പെടുന്നവനും അപമാനിക്കപ്പെടുന്നവനും സമൂഹത്തിൽ ചെറിയവൻ ആയിരിക്കുമല്ലോ. അതുകൊണ്ട് ന്യായപ്രമാണപ്രകാരം സമൂഹത്തിൽ നിസ്സാരന്റെയും എളിയവന്റെയും ദരിദ്രന്റെയും സംരക്ഷിക്കപ്പെടേണ്ട നീതിയാണ് ഇവിടെ നിഷേധിക്കപ്പെടുന്നതായി പറയുന്നത്. യേശു പറയുന്നു: "ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തിയാൽ തിരികല്ല് കെട്ടി കടലിൽ ചാടുന്നതാണ് നല്ലത്" (മത്തായി 18:6).

വീണ്ടും ന്യായപ്രമാണത്തിലെ മറ്റൊരു കല്പന യേശു എങ്ങനെ തന്നിൽ പൂർത്തിയാകുന്നു എന്ന് വിശദീകരിക്കുന്നു. "വ്യഭിചാരം ചെയ്യരുത് എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ" (പുറ. 20:14; ആവ. 22:22). വ്യഭിചാരം എന്നത് ഒരുവൻ മറ്റൊരുവന്റെ ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന കാര്യമാണ്. യേശു ആ നിയമം അംഗീകരിച്ചുകൊണ്ട് പറയുന്നു: ഒരുവൻ സ്ത്രീയെ ഭോഗാസക്തിയോടെ (lust) നോക്കിയാൽ അതു വ്യഭിചാരമാണ് (മത്താ. 5:27). ഇവിടെ സ്ത്രീ വിവാഹിതയാകണമെന്നില്ല. ലൈംഗികതാൽപര്യത്തോടെ സംസാരിക്കണം എന്നുമില്ല. മനസ്സിൽ ആഗ്രഹിച്ചാൽ മാത്രം മതി. കൊലക്കുറ്റത്തിൽ പരിഹാസ സംസാരം കുറ്റത്തിനു തുല്യമെങ്കിൽ വ്യഭിചാരകാര്യത്തിൽ മനോഭാവം തന്നെ കുറ്റത്തിനു തുല്യമാണ് . ഇവിടെ കുറ്റനിർവ്വചനം കർക്കശമാക്കുകയും ശിക്ഷ വർദ്ധിപ്പിക്കുകയും ആണ്. പഴയനിയമന്യായപ്രമാണം അംഗീകരിച്ചുകൊണ്ടു തന്നെ അതിനെ കൂടുതൽ കർക്കശമാക്കുകയാണ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തം. ന്യായപ്രമാണത്തിന്റെ ഉള്ളടക്കം സഹോദരസ്നേഹമാണ് എന്നത് (ലേവ്യ 19:18) ഏക ന്യായപ്രമാണകല്പന ആക്കുകയും അത് അനാദരിക്കുന്നവർക്ക് നരകശിക്ഷ നൽകുകയുമാണ്. അതായത് ന്യായപ്രമാണം നിർത്തലാക്കുകയോ ലഘൂകരിക്കുകയോ പുതിയനിയമപ്രമാണത്തിൽ നടക്കുന്നില്ല. ചെറിയവനു നീതി ലഭ്യമാക്കാതെയും സഹോദരനോടു കരുണ കാണിക്കാതെയും അനീതി പ്രവർത്തിക്കുന്നവർ ഈ ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് അന്ത്യദിനത്തിൽ വിധിക്കപ്പെടുന്നത്. യുഗാന്ത്യത്തിൽ ക്രിസ്തുവിന്റെ നീതി വെളിപ്പെടുകയും ശിക്ഷയും രക്ഷയും നൽകപ്പെടുകയും ചെയ്യുന്നത് ചെറിയവനോട് (ദരിദ്രൻ, അഭയാർത്ഥി, കുറ്റവാളി) ഓരോരോരുത്തരുമുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് (മത്തായി 25:31 -46). വലിയ ദുഷ്കർമ്മങ്ങൾ മാത്രമല്ല ശിക്ഷയ്ക്ക് ആധാരം . ദരിദ്രനും അവഗണിക്കപ്പെട്ടവനും നീതി നിഷേധിക്കുന്നതും സ്നേഹരാഹിത്യ സമീപനവും കടുത്ത ശിക്ഷാർഹമാണ്. അവർക്കു ന്യായം ലഭിക്കാതെ പോകുന്നത് ന്യായപ്രമാണത്തിന്റെ ലംഘനമാണ്. അനാഥരെയും വിധവകളെയും പിന്തുണയ്ക്കുന്നതാണ് നീതി (ഇയ്യോബ് 22:9; യെശ. 10:2 ; യിരമ്യ 49:11; എസെക്കി 22:25). നീതിയുടെ മാനദണ്ഡമായ യഹോവ അശരണരുടെ പിതാവും വിധവകൾക്ക് സംരക്ഷകനും അഭയാർത്ഥികൾക്കും അനാഥർക്കും നീതി നടത്തുന്നവനും (സങ്കീ. 68:5; ആവ. 10:17-19) ആണ്. അങ്ങനെ ന്യായപ്രമാണപ്രകാരം യേശുവിന്റെ വീണ്ടും വരവിൽ നീതി നടത്തുന്നതാണ് ന്യായവിധി(മത്താ. 25:41-48; വെളി. 20:11-15). അതുകൊണ്ടാണ് നിങ്ങൾക്കെതിരെ ആരോപണം ഉന്നയിക്കുവാൻ പോകുന്നത് ഞാനല്ല ന്യായപ്രമാണം (മോശ) ആയിരിക്കുമെന്ന് യേശു പറയുന്നത് (യോഹ. 5:46). ക്രിസ്തുവിന്റെ മുഖം ദരിദ്രനിൽ കാണാതിരിക്കുന്നത് ന്യായപ്രമാണലംഘനമാണ് എന്നാണ് യേശുവിന്റെ പ്രസ്താവനയുടെ പൊരുൾ . ദൈവത്തിന്റെ നിസ്തുലസ്നേഹം ക്രിസ്തുവിൽ വെളിപ്പെട്ടിട്ടും ആ സ്നേഹം ഉൾക്കൊള്ളാതെയുള്ള ചെറിയവനോടുള്ള സമീപനം ആത്യന്തികമായി ന്യായപ്രമാണലംഘനം തന്നെയാണ് . സമൂഹത്തിലെ വ്യക്തിബന്ധങ്ങളുടെ ധാർമ്മികതയും മനുഷ്യന്റെ ന്യായവിധി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡവും ന്യായപ്രമാണം എന്ന് സ്ഥാപിക്കപ്പെടുകയാണ് .

ഈ ചിന്ത തന്നെയാണ് സുവിശേഷത്തിലും പുതിയനിയമഗ്രന്ഥങ്ങളിലും പ്രതിഫലിക്കുന്നത്. റോമാ ലേഖനത്തിൽ പൗലോസ് പറയുന്നു: ക്രിസ്തു നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു (10:4). നിയമവും പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ദൈവത്തിന്റെ നീതി നിയമത്തിലൂടെയല്ലാതെ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു (റോമർ 3:21). ക്രിസ്തുവിലുള്ള നീതിയെ സൂചിപ്പിക്കുകയും സാക്ഷീകരിക്കുകയും ചെയ്യുന്നതാണ് ന്യായപ്രമാണവും പ്രവാചകന്മാരും. ക്രിസ്തുവിൽ നടക്കുന്നതായി പറയപ്പെടുന്ന ധാർമ്മിക മൗലികതയുടെ അടിസ്ഥാനം / മാനദണ്ഡം ന്യായപ്രമാണം തന്നെ. ഈ മൗലിക കാഴ്ചപ്പാടിനെ പൗലോസ് ക്രിസ്തുവിന്റെ നിയമം (Law of Christ) എന്നു വിളിക്കുന്നു (ഗലാ. 6:2; 5:14).

ക്രിസ്തുവും പുതിയനിയമരേഖകളും ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും തിരസ്കരിച്ച് പുതിയ ധാർമ്മികവിചാരത്തിന് രൂപം കൊടുക്കുകയായിരുന്നില്ല. ന്യായപ്രമാണധാർമ്മികതയുടെ അടിസ്ഥാനനിർദ്ദേശമായ സ്നേഹപ്രമാണപ്രകാരം ന്യായപ്രമാണത്തെ പുനർവ്യാഖ്യാനിച്ച് ക്രിസ്തുവിൽ

ധർമ്മവിചാരത്തിന് പുതിയ വഴിത്തിരിവു നൽകുകയായിരുന്നു. ന്യായപ്രമാണത്തിന്റെ അന്തസത്ത അയൽക്കാരനെ സ്നേഹിക്കുകയാണ് എന്ന് യേശു പറയുന്നത് യേശുവിന്റെ കണ്ടുപിടുത്തം അല്ല; ന്യായപ്രമാണത്തിൽ ഉള്ളതാണ് (ലേവ്യ 19:9.18). അതുകൊണ്ടാണ് യേശു പറയുന്നത്: "ഒരുവൻ മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്നത് അവർ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കണം" (മത്തായി 7:12). മനുഷ്യബന്ധങ്ങൾ ന്യായപ്രമാണത്തിൽ വെളിപ്പെട്ടിരിക്കുന്ന നിരുപാധിക സ്നേഹത്തിന്റെയടിസ്ഥാനത്തിലായിരിക്കണം. ഈ പശ്ചാത്തലത്തിലാണ് യേശു പല്ലിനു പകരം പല്ല് തുടങ്ങിയ ന്യായപ്രമാണനിർദ്ദേശങ്ങൾ (പുറ. 21:24; ലേവ്യ 24:20; ആവ. 19:2) വ്യാഖ്യാനിക്കുന്നത്. നിങ്ങൾ ആരോടും പകരം വീട്ടരുത്. ഒരു ചെകിടത്ത് ഒരുവൻ അടിച്ചാൽ മറ്റേത് കാണിച്ചുകൊടുക്കണം (മത്തായി 5:38) . ഇവിടെ ന്യായപ്രമാണപ്രകാരമുള്ള സഹോദരസ്നേഹത്തിന്റെ മാനദണ്ഡത്തിൽ ധാർമ്മികതയെ യേശു വിശദീകരിക്കുന്നു.

ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാൻ വിധിക്കപ്പെടുന്നത്. നിങ്ങളുടെയിടയിൽ ഒരു ദരിദ്രൻ ഉണ്ടെങ്കിൽ അവനെതിരേ ഹൃദയം കഠിനമാക്കുകയോ അവനു വേണ്ടി കൈയയ്ക്കുവാൻ മടിക്കുകയോ അരുത് (ആവ. 15:7, 8). മനുഷ്യസ്നേഹം പ്രായോഗികമാക്കാത്തവർക്ക് മരണാനന്തരം ദൈവം നൽകുന്ന ശിക്ഷ കൂടി മനസ്സിലാക്കണം. ദൈവത്തിന്റെ ന്യായവിധിയുടെ സ്വഭാവം മനസ്സിലാക്കുമ്പോഴാണ് ദൈവിക പദ്ധതിയുടെ പൂർണ്ണത വ്യക്തമാകുന്നത് . ലോകത്ത് ദൈവം നല്ലവരുടെ മേലും ദുഷ്ടരുടെ മേലും ഒരുപോലെ മഴ പെയ്യിക്കുന്നു (മത്താ. 5:45). ദൈവം സ്നേഹമാണെന്നും മനുഷ്യർ തമ്മിൽ പുലരേണ്ടത് നീതിയും സ്നേഹവുമാണ് എന്നും മനസ്സിലാക്കാതെ ജീവിക്കുന്നവർക്ക് അതേസമയം കടുത്ത ശിക്ഷാവിധിയുണ്ട് എന്ന പഴയനിയമധാർമ്മികതയുടെ സമഗ്രഭാവമാണ് സുവിശേഷത്തിലൂടെ വ്യക്തമാകുന്നത്.

മേൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നാം എത്തുന്ന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു:

1. യേശുവും പുതിയനിയമവും ന്യായപ്രമാണം തിരസ്കരിക്കുകയോ ലഘൂകരിക്കുകയോ ചെയ്യുന്നില്ല. അതിന്റെ സാധുത അംഗീകരിക്കുകയും അതിന്റെ നിലനിൽപ്പ് ഉറപ്പിക്കുകയുമാണ് ചെയ്യുന്നത് .

2. ന്യായപ്രമാണം യേശുവിൽ പൂർത്തീകരിക്കപ്പെടുന്നു . പഴയനിയമ ന്യായപ്രമാണത്തിൽ ധാർമ്മികത പ്രവൃത്തിയായിരുന്നുവെങ്കിൽ യേശുവിൽ അതിലുപരി അതു വാക്കിന്റെയും ചിന്തയുടെയും മനോഭാവത്തിന്റെയും കാര്യമായി ആശയവത്കരിക്കപ്പെടുകയും മൗലികവത്കരിക്കപ്പെടുകയുമാണ് ചെയ്തത്. ന്യായപ്രമാണസാധുതയുടെ വ്യാഖ്യാന - നിയന്ത്രണമാനദണ്ഡം ന്യായപ്രമാണത്തിലെ തന്നെ പരസ്നേഹമാക്കി നിജപ്പെടുത്തുകയായിരുന്നു .

3. സമൂഹം സംഘർഷ - അനീതി - ചൂഷണരഹിത കൂട്ടായ്മയായി മാറണമെന്ന ന്യായപ്രമാണലക്ഷ്യം തന്നെയാണ് തന്നിൽ ന്യായപ്രമാണനിവൃത്തി സംഭവിച്ചപ്പോൾ നടന്നതായി യേശു പറഞ്ഞപ്പോൾ വിവക്ഷിച്ചത്. യേശു പ്രഘോഷിച്ച ദൈവരാജ്യം ജൂബിലി സങ്കല്പത്തിന്റെ നിത്യ സാക്ഷാത്കാരവും സ്നേഹാധിഷ്ഠിതമായ നീതിക്രമവും ആയിരുന്നു. ഇവിടെയും ന്യായപ്രമാണവും സുവിശേഷവുമായി വൈരുദ്ധ്യമില്ല. സുവിശേഷം ന്യായപ്രമാണത്തിന്റെ പൂർത്തികരണമാവുകയാണ് .

4. ന്യായപ്രമാണനീതി എന്നത് ദരിദ്രനും അനാഥനും വിധവയും അഭയാർത്ഥിയും ഉൾപ്പെട്ട പാർശ്വവത്കൃതരുടേതായിരുന്നു. ലാസറിന്റെ ഉപമയും അന്ത്യന്യായവിധിയും മറിയാമിന്റെ പാട്ടുമെല്ലാം വിരൽ ചൂണ്ടുന്നത് ഈ ന്യായപ്രമാണനീതിയിലേക്കാണ്. ഈ നീതിസമൂഹത്തിന്റെ ആത്യന്തിക സാക്ഷാത്കാരമാണ് വെളിപാട് പുസ്തകത്തിൽ നാം ദർശിക്കുന്ന പുതിയ ഭൂമി (20: 1115).

എന്നാൽ ക്രിസ്തുവിൽ തുടങ്ങി വെച്ച സാമൂഹ്യക്രമത്തിൽ ഈ നീതി നിഷേധിക്കുന്നവർക്ക് കടുത്ത പരലോക ശിക്ഷയുണ്ട്. യേശുവിൽ പൂർത്തിയാക്കപ്പെട്ട ന്യായപ്രമാണം ലംഘിക്കുന്നവർക്ക് പഴയനിയമന്യായപ്രമാണം ലംഘിക്കുന്നവർക്കു കിട്ടുന്നതിലും വലിയ ശിക്ഷയാണ് കാത്തിരിക്കുന്നത്. ദൈവത്തിന്റെ ക്രോധം വെളിപ്പെടും എന്നാണ് പുതിയനിയമം പഠിപ്പിക്കുന്നത് (മത്തായി 3:10; യോഹ 3:36;3:18; 5:29).തിന്മ ചെയ്യുന്നവർക്ക് ശിക്ഷയുണ്ടെന്നും (മത്തായി 22:13 ;26:15; 7:20 ; 8:12) ശിക്ഷയെന്നത് സാർവത്രിക നാശമാണെന്നും (മത്താ. 10:15;11:24; 10:28; 12: 31-33, 35-37; 13:30; 14:42). അതു പ്രതികാരമായി തന്നെ മാറാം (റോമർ 12:19) എന്ന് വ്യക്തം. അനീതി ഉപേക്ഷിച്ച് അനുതപിക്കാത്തവർക്ക് പഴയനിയമ ന്യായപ്രമാണപ്രകാരം ലഭിക്കുന്ന ശിക്ഷയിലും കഠിനമായ ശിക്ഷയാണ് യേശു വിഭാവനം ചെയ്യുന്നത്. കുറ്റവും ശിക്ഷയും പുതിയനിയമത്തിൽ ഇല്ലാതാകുന്നില്ല. കുറ്റം കൂടുതൽ മൗലികവും ശിക്ഷ മരണാനന്തരവും ശിക്ഷകൻ ദൈവവും ആകുന്നു എന്നു മാത്രം. അത് യേശുവിന്റെ ഉപദേശങ്ങളിലും ഉപമകളിലും പ്രകടമാണ് (മത്താ. 22:12, 13 ;25:22.30).

ചുരുക്കത്തിൽ പഴയനിയമത്തിലെ ധർമ്മവിചാരങ്ങൾ പുതിയനിയമത്തിലെ ധർമ്മവിചാരങ്ങൾക്കു വിരുദ്ധമാണ് എന്ന വാദം അടിസ്ഥാനമില്ലാത്തതാണ് എന്ന നിഗമനത്തിലാണ് ഈ ചർച്ചയുടെ പശ്ചാത്തലത്തിൽ നാം എത്തിച്ചേരുന്നത്. തിരുവെഴുത്തുകളുടെ ഐക്യത്തിന് ഈ തിരിച്ചറിയൽ സഹായകമാകുന്നു.

(തുടരും)



ആ സ്വപ്നം സഫലമായി

പൊന്നു മത്തായിയുടെ കുടുംബത്തിന് മലങ്കരസഭ ഭവനം നിർമ്മിച്ച് നൽകി

പത്തനംതിട്ട: ചിറ്റാറിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്തു കൊലപ്പെടുത്തിയ പി. പി. മത്തായിയുടെ കുടുംബത്തിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ കൂദാശ നടന്നു.

മലങ്കരസഭയുടെ നേതൃത്വത്തിൽ വസ്തു വാങ്ങിച്ചു ഭവനം നിർമിച്ചു നൽകണമെന്ന പ. പൗലോസ് ദ്വിതീയൻ ബാവായുടെ നിർദ്ദേശം, പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മേൽനോട്ടത്തിൽ തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പൂർത്തീകരിക്കപ്പെട്ടു. ഭവനനിവാസികളുടെ അംഗസംഖ്യ മനസ്സിലാക്കി 1200 sqft ഉള്ള രണ്ടു നിലയുള്ള ഭവനം ആണ് ഇന്ന് കൂദാശ ചെയ്യപ്പെട്ടത്.

കുര്യാക്കോസ് മാർ ക്ലിമീസ് വലിയ മെത്രാപ്പോലീത്താ, എബ്രഹാം മാർ സെറാഫിം എന്നിവർ ഭവന കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ബസലേൽ റമ്പാൻ, ഫാ. ടൈറ്റസ് ജോർജ്, ഫാ. സാം പി. ജോർജ് തുടങ്ങിയവർ സഹകാർമ്മികത്വം വഹിച്ചു.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്."

"സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

- പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ്രഭാഷണം

വചനത്തിന്റെ അകക്കണ്ണ്

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

വചനത്തിന്റെ ഹൃദയദൃഷ്ടിയാണ് ആരാധനാകാല തീർത്ഥയാത്രയുടെ ജീവൻ. വേദവായനകൾ അർത്ഥസമ്പൂർണ്ണമായി ഉൾക്കൊള്ളുവാൻ കണ്ണും അകക്കണ്ണും ഉണ്ടാകണം. ആത്മാവിൽ വളരുവാൻ വചനത്തിന്റെ ഹൃദയദൃഷ്ടിക്ക് ഉൾക്കാഴ്ചയുണ്ടാക്കുന്ന അമ്പത്തിരണ്ട് ഞായർദിന സുവിശേഷ വ്യാഖ്യാനങ്ങളാണ് ചെന്നൈ-ബാംഗ്ലൂർ മെത്രാസനങ്ങളുടെ അദ്ധ്യക്ഷനായ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 'ആരാധനാകാല തീർത്ഥയാത്ര.' ഇവ വചനത്തിന്റെ അകക്കണ്ണു തുറപ്പിക്കുന്ന ഹൃദ്യവും മധുരവുമായ സുവിശേഷ പ്രബോധനങ്ങളാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനാ കലണ്ടർ പ്രകാരം പുതിയ വേദവായനക്കുറിപ്പ് അടിസ്ഥാനമാക്കി എഴുതിയ സുവിശേഷ ധ്യാനചിന്തകളാണിത്. മലങ്കര ഓർത്തഡോക്സ് സഭാ ന്യൂസ് ബുള്ളറ്റിനിൽ 2020-2021 കാലത്ത് ഇവ ഓൺലൈനായി പ്രസിദ്ധീകരിച്ചിരുന്നു. ആരാധനാ വർഷത്തിന്റെ ആരംഭമായ സഭയുടെ ശുദ്ധീകരണ പെരുന്നാളിലെ കൂദോശ് ഈത്തോ ഞായർ മുതൽ തുടർച്ചയായുള്ള 52 ഞായറാഴ്ചത്തെ ധ്യാനങ്ങളാണ് ഉള്ളടക്കം. സഭയുടെ കലണ്ടർ വർഷം ആരംഭിക്കുന്നത് ഒക്ടോബർ 30 മുതൽ നവംബർ അഞ്ചു വരെ വരുന്ന ആദ്യ ഞായറാഴ്ചയാണ് - സഭയുടെ ശുദ്ധീകരണ പെരുന്നാൾ. തുടർന്നുള്ള ഓരോ ഞായറാഴ്ചയും ആരാധനാകാല തീർത്ഥയാത്രയാണ്.


പൗരസ്ത്യ ആദ്ധ്യാത്മികതയും ഭാരതീയ സംസ്കൃതിയും സമന്വയിക്കുന്ന മലങ്കരസഭയുടെ ആരാധനാ ജീവിതത്തിന്റെ അർത്ഥവും അനുഭവവും അതീവ ഹൃദ്യമായി അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അവതരിപ്പിക്കുന്നു.

നിരന്തരമായ വായനയും പഠനവും വഴി അദ്ദേഹത്തിനു ലഭിച്ച ആദ്ധ്യാത്മിക ശിക്ഷണവും ഊർജ്ജവും വേദഭാഷ്യത്തെ അതീവ ഹൃദ്യവും മൂർച്ചയും ഉള്ളതാക്കിത്തീർക്കുന്നു. സഭാ കലണ്ടറിലെ വിവിധ കാലങ്ങളിൽ അധിഷ്ഠിതമായി ഞായർദിന വേദപഠനങ്ങൾ ആരാധനാ ജീവിതത്തെ അർത്ഥവത്താക്കുവാൻ സഹായിക്കുന്നു. ഞായർദിന വേദവായന എന്നത് ഞായർദിന ഏവൻഗേല്യോൻ വായനയാണ്. ഇതിന് സത്‌വാർത്ത, സുവിശേഷം, ജീവനുള്ള വചനം എന്നർത്ഥം. ആരാധനാക്രമത്തിൽ നാലു സുവിശേഷങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളുടെ വായനകളാണ് ഏവൻഗേല്യോൻ എന്ന് ആരാധനാ പശ്ചാത്തലത്തിൽ വിവക്ഷിക്കുന്നത്. ജീവൻ നൽകുന്ന രക്ഷാ സുവിശേഷത്തിന്റെ വിവരണങ്ങളാണ് ഏവൻഗേല്യോന്റെ ഉള്ളടക്കം.

ആരാധനാ ജീവിതത്തിൽ ദൈവസാന്നിധ്യവും ദൈവാനുഭവവും തിരിച്ചറിയുവാൻ സഹായിക്കുന്നത് വേദവായനയും വേദവ്യാഖ്യാനങ്ങളുമാണ്. ആദ്യകാലത്ത് ഇവ ആരാധനാക്രമങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും അവതരിപ്പിച്ചെങ്കിൽ, പുതിയ കാലത്ത് വിവിധ കാഴ്ചപ്പാടിൽ വേദഭാഗങ്ങൾ വ്യാഖ്യാനിക്കുവാനുള്ള രീതിശാസ്ത്രവും അപഗ്രഥന ശൈലിയും വികസിപ്പിച്ചു. ക്രിസ്തുവിന്റെ മനുഷ്യാവതാര - രക്ഷാകര ദൗത്യം വിശ്വാസികൾ തിരിച്ചറിയുന്നത് ആരാധനയിലൂടെയും വേദവ്യാഖ്യാനത്തിലൂടെയും ആണ്. സുവിശേഷഭാഗങ്ങൾ ഹൃദ്യമായി വ്യാഖ്യാനിക്കുവാനുള്ള അവസരമാണ് ഞായർദിന ഏവൻഗേല്യോൻ ചിന്തകൾ.

ആരാധനാ കലണ്ടർപ്രകാരം അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അവതരിപ്പിക്കുന്ന ഞായർ വേദവായനകളെ പ്രധാനമായും ഏഴു തരത്തിൽ വിഭജിക്കുവാൻ കഴിയും.

1. ആരാധനാവർഷത്തിൽ ജീവിതത്തെ ആദ്ധ്യാത്മിക വിശുദ്ധിയിൽ ശുദ്ധീകരിച്ച് പ്രതിഷ്ഠിച്ച് ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്നതിനുള്ള വേദമുഖങ്ങളുടെ വിശകലനമാണ് ആദ്യ ഭാഗം.



2. ക്രിസ്തുവിന്റെ ജനനതിരുനാളിലേക്ക് വിശ്വാസസമൂഹത്തെ സജ്ജമാക്കുന്ന വിവിധ അറിയിപ്പുകളുടെയും വിവരണങ്ങളുടെയും സത്‌വാർത്താ വിശകലനങ്ങളാണ് രണ്ടാം ഭാഗം.

3. ക്രിസ്തുമസ്-ദനഹാകാലവും വാങ്ങിപ്പോയ പിതാക്കന്മാരേയും സകല പരേതരേയും സ്മരിക്കുന്ന ഉണർവ്വോടെയുള്ള ജീവിതത്തിന്റെ ജ്ഞാനപ്പൊരുൾ തുടർന്ന് അവതരിപ്പിക്കുന്നു.

4. വ്രതവിശുദ്ധിയിലേക്കുള്ള നോമ്പുകാല തീർത്ഥാടനത്തിലെ അടയാളപ്പൊരുളും പീഡാനുഭവത്തിലൂടെയുള്ള ഉത്ഥാനപ്പെരുന്നാളിന്റെ വേദബോധനവും പിന്നീട് സമഗ്രമായി പങ്കിടുന്നു.

5. പെന്തിക്കോസ്തി കാലത്തിന്റെ പരിശുദ്ധാത്മ വ്യാപാരവും സകല സത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മ കൃപയും അഞ്ചാം ഭാഗത്ത് വിശകലനം ചെയ്യുന്നു.

6. ശ്ലീഹാ നോമ്പിന്റെയും ശൂനോയോ നോമ്പിന്റെയും പശ്ചാത്തലത്തിൽ മിഷൻ ദൗത്യവും സഭാദൗത്യവും കാലികമായി ജൂൺ-ജൂലൈ-ആഗസ്റ്റ് മാസ ഞായർ വായനകളിൽ വ്യാഖ്യാനിക്കുന്നു.

7. സ്ലീബാ കാലത്തിൽ ദുരുപദേശത്തിൽ നിന്നും ഉണർന്നിരുന്ന് സ്വർഗ്ഗീയ നിക്ഷേപങ്ങൾക്കായി കാത്തിരിക്കുവാനുള്ള ആഹ്വാനം, ആരാധനാവർഷത്തിന്റെ സമാപനമായ ഒക്ടോബറിൽ പങ്കിടുന്നു.

ആകർഷകമായ തലക്കെട്ടുകൾ വിഷയത്തിന്റെ അഗാധത വെളിപ്പെടുത്തുന്നവയാണ്: "ആന്തരിക വിശുദ്ധി അനുഗ്രഹങ്ങൾക്ക് അടിസ്ഥാനം, വീണ്ടും ജനിക്കുന്നവർക്ക് ദൈവരാജ്യം, ഉണർവ്വോടെ ജീവിതം തുടരുന്നവർ, തിരസ്കരിക്കപ്പെട്ടവരുടെ രക്ഷകനായ ക്രിസ്തു, പരാതികളില്ലാതെ ദൈവസ്തോത്രം, നിരാശയിൽ നിന്നും പ്രത്യാശയിലേക്ക്, പാപികളുടെ സ്നേഹിതനായ ക്രിസ്തു, സഹോദരസ്നേഹം ശിഷ്യത്വത്തിന്റെ അടയാളം, സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ്, ദിവ്യപ്രശംസയ്ക്ക് അർഹരാകുക, വലിയവൻ ശിശുവിനെപ്പോലെ ആകണം ... ഞായർദിന ധ്യാനത്തിന്റെ ഹൃദ്യമായ ഇത്തരം തലക്കെട്ടുകൾ വിഷയവിശകലനത്തിന്റെ ആത്മാവായി തെളിഞ്ഞു നിൽക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ കലണ്ടർപ്രകാരമുള്ള ഏവൻഗേല്യോൻ ചിന്തകളുടെ ലളിതവും സരളവും ഹൃദ്യവുമായ ഈ വേദജ്ഞാനത്തിന് മനുഷ്യഹൃദയങ്ങളെ സാന്ത്വനിപ്പിക്കാൻ കഴിയും.

ഇതിലെ ഓരോ ധ്യാനത്തിലും വേദപശ്ചാത്തല വിശകലനവും മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാശാസ്ത്രവും വേദശാസ്ത്രവും സമന്വയിപ്പിക്കുന്നു. ഹ്രസ്വമായ ഉപതലക്കെട്ടുകൾ വിഷയത്തെ സമഗ്രമായി അടുത്തറിയുവാൻ സഹായിക്കുന്നു. ഓരോ ഞായർ വേദപഠനത്തിലും ആ ആഴ്ചയിലെ പ്രധാന പെരുന്നാളുകളുടെയും പൊതുവിശേഷങ്ങളുടെയും വിവരണങ്ങളും വ്യാഖ്യാനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ലളിതമായ അവതരണവും ഹൃദ്യമായ വ്യാഖ്യാനവും ആരാധനാകാല തീർത്ഥയാത്രയ്ക്ക് പ്രകാശം പകരുന്നു. അർത്ഥവത്തായ ആരാധനാ ജീവിതത്തെ വിശുദ്ധിയിലേക്കും സാമൂഹിക പ്രതിബദ്ധതയിലേക്കും നയിക്കുവാൻ വഴിയും വെളിച്ചവും പകരുന്നത് വേദവായനകളുടെ ഇത്തരം വ്യാഖ്യാനങ്ങളാണ്. വേദമുഖങ്ങൾക്ക് സാമൂഹിക കാഴ്ചപ്പാടും സഭാശാസ്ത്ര ദർശനവും ലളിതവും ഹൃദ്യവുമായി സംവേദിപ്പിക്കുവാൻ കഴിയുന്നതിനാൽ വേദപഠനത്തിനും ധ്യാനത്തിനും ഇത് വെളിച്ചം പകരുന്നു.

അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ വേദഭാഗങ്ങൾ വ്യാഖ്യാനിക്കുമ്പോൾ സമകാലിക പ്രശ്നങ്ങളെ സമന്വയിപ്പിക്കാൻ ആലോചിച്ചിട്ടുണ്ട്. ഇത് ആരോടും പറയരുത് (ലൂക്കോസ് 5:14) എന്ന വേദഭാഗം വിശകലനം ചെയ്ത് ആത്മീയതയ്ക്ക് പരസ്യം ആവശ്യമില്ല എന്ന് സ്ഥാപിക്കുന്നു. 'ജീവിതത്തിൽ ധാരാളം ആത്മീയ അനുഭവങ്ങൾ നമുക്ക് ഉണ്ടാകാറുണ്ട്. ഇത് പരസ്യപ്പെടുത്തുവാനോ സാക്ഷ്യമാക്കി പ്രസിദ്ധീകരിക്കുവാനോ, തന്റെ തന്നെ ആത്മീയത വിറ്റു കാശുണ്ടാക്കുവാനോ, ഒരിക്കലും ഇടയാകരുത്' എന്നും ഇതിൽ വ്യക്തമാക്കുന്നു.

തീവ്രമായ നിരാശയും ദുഃഖവും അനുഭവിക്കുന്ന വിശ്വാസസമൂഹത്തോട് "എല്ലാ അനുഗ്രഹങ്ങൾക്കും മുമ്പേ വേദനയും ഉപദ്രവവും ഉണ്ടാകാം. ഏത് കയറ്റത്തിനും മുമ്പേ ഇറക്കവും ഇറക്കത്തിന് മുമ്പ് കയറ്റവും ഉണ്ടാകുമെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം" എന്ന് ആഹ്വാനം ചെയ്യുന്നു. ദൈവസന്നിധിയിൽ നീതിയുള്ളവരും കല്പന പ്രമാണിക്കുന്നവരുമായവർക്ക് വേദന അനുഗ്രഹത്തിനും രൂപാന്തരത്തിനുമുള്ള അടയാളമാകും എന്ന സാന്ത്വന സ്പർശം വേദവ്യാഖ്യാനങ്ങളിൽ അദ്ദേഹം ഉൾച്ചേർക്കുന്നു.

ദൈവത്തിലുള്ള ഭക്തിയും സമർപ്പണവും സമ്പൂർണ്ണമാകുന്നവർക്കാണ് നീതിമാൻ എന്ന നാമം ലഭിക്കുന്നത്; നഥനിയേലിനെ യേശു ഇഷ്ടപ്പെട്ടതും അംഗീകരിച്ചതും 'അവനിൽ കാപട്യമില്ല' എന്ന ക്വാളിറ്റി എടുത്തു പറഞ്ഞുകൊണ്ടാണ്; യേശു ആരാണെന്ന് തിരിച്ചറിയുവാനുള്ള ആഗ്രഹം ആത്മീയതയുടെ മകുടമായ അനുഭവമാണ്; ക്രിസ്തു തിരസ്ക്കരിക്കപ്പെട്ടവരുടെ വിടുതലും വീണ്ടെടുപ്പും ലക്ഷ്യമാക്കിയിരുന്നു; ഓരോ ഞായറാഴ്ചയും ഉയിർപ്പിന്റെ പ്രതിവാര ആഘോഷമാണ്; മാമോദീസാ പുതിയ ജനനവും ക്രിസ്തുശരീരത്തോടുള്ള ഒട്ടിച്ചേർക്കലുമാണ്. ... ഇത്തരം നിരവധി വേദസൂക്തങ്ങൾ ഇതിൽ ഉൾച്ചേർത്തിരിക്കുന്നു.

ആരാധനാകാല തീർത്ഥയാത്ര എന്ന കൃതി ഞായറാഴ്ച സുവിശേഷ ഭാഗങ്ങളുടെ വേദവിശകലനങ്ങളാണ്. വേദപഠിതാക്കൾക്കും പ്രഭാഷകർക്കും ഇതിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഹൃദ്യമായ പ്രസംഗം രൂപപ്പെടുത്തുവാൻ കഴിയും. എന്നാൽ പ്രഭാഷണം എന്തായിരിക്കണമെന്ന ദർശനം അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ഇതിൽ രേഖപ്പെടുത്തുന്നു. എല്ലാ പ്രഭാഷണങ്ങളുടെയും അടിസ്ഥാനവും ആത്യന്തിക ലക്ഷ്യവും ഒന്നു മാത്രമാണ് – മാനസാന്തരം. അത് കൺവൻഷനായാലും ധ്യാനയോഗമായാലും വി. കുർബ്ബാന മദ്ധ്യേയുള്ള വചനശുശ്രൂഷയായാലും എല്ലാം ലക്ഷ്യമാക്കുന്നത് 'മാനസാന്തരം' എന്ന യാഥാർത്ഥ്യത്തിലേക്കാണ്. അതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ പ്രസംഗത്തെ 'പ്രസംഗങ്ങളുടെ പ്രസംഗം' എന്ന് വിശേഷിപ്പിക്കുന്നത്. പ്രസംഗകേൾവി വഴി ഹൃദയദൃഷ്ടി പ്രകാശിപ്പിക്കുവാൻ കഴിയണം. ആത്മീയ കേൾവി മനുഷ്യരുടെ അകക്കണ്ണ് തുറപ്പിക്കുന്നതാകണം എന്ന് വ്യക്തമാക്കുന്നു.

ക്രിസ്തുവിന്റെ വചനം, പുതിയ കാലഘട്ടത്തിൽ ആവിഷ്കരിക്കുമ്പോൾ ജനഹൃദയങ്ങളിൽ വചനത്തിന്റെ ആത്മാവും ജീവനും ശക്തിപ്പെടുത്തുവാൻ കഴിയണം. ഞായർദിന പ്രഭാഷണങ്ങളും സുവിശേഷഭാഷ്യങ്ങളും ജനഹൃദയങ്ങളിൽ പുനഃസൃഷ്ടിക്കുമ്പോഴാണ് വചനത്തിന്റെ മർത്തീകരണ മാതൃകയുടെ തുടർച്ച ഉണ്ടാകുന്നത്.

വേദപുസ്തക വ്യാഖ്യാന ശാസ്ത്രം (Biblical Hermeneutics) രീതിശാസ്ത്രപരമായി നിരവധി രൂപഭാവ പരിണാമങ്ങളും അർത്ഥവൈവിധ്യങ്ങളും കാഴ്ചപ്പാടുകളും വികസിപ്പിച്ചിട്ടുണ്ട്. സുവിശേഷകാലം മുതൽ വിവിധതര വ്യാഖ്യാനങ്ങൾ ഉണ്ടായിരുന്നെങ്കിലും അവ ഏകീകൃതമായിരുന്നില്ല. വേദഭാഷ്യങ്ങളുടെ വൈവിധ്യതയും സമകാലികതയും വേദഭാഷ്യത്തിന് പുത്തൻ സൗന്ദര്യം പകരും. വേദവചനങ്ങൾ ജനകീയ വിഷയങ്ങളുമായി ഉൾചേർന്ന് വ്യാഖ്യാനിക്കുമ്പോൾ വിമോചന ദർശനങ്ങൾ രൂപപ്പെടും. സ്ത്രീകൾ, കുട്ടികൾ, ദലിതർ, ഗോത്രവർഗ്ഗക്കാർ എന്നിവരുടെ കാഴ്ചപ്പാടിലുള്ള വേദവ്യാഖ്യാനങ്ങൾ മലങ്കരസഭയിലും ശക്തിപ്പെടുത്തുവാൻ കഴിയണം. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും (Margins) ഭിന്നശേഷിക്കാരുടെയും (People with Disabilities) സ്വരം പ്രസംഗപീഠങ്ങളിൽ മുഴങ്ങണം. വേദപാഠം, ഭാഷാവിശകലനം, സാഹിത്യരൂപ വിശകലനം, വിവരസങ്കേത പഠനം, വിവിധ കാഴ്ചപ്പാടിലുള്ള പുനർവായന എന്നിവയും മലങ്കരസഭയുടെ ഞായർദിന പ്രസംഗപീഠങ്ങളിൽ നിന്നും പ്രവഹിക്കണം. പരിശുദ്ധാത്മ നിറവിലും സഭാശാസ്ത്ര-സാമൂഹിക ശാസ്ത്ര ദർശനത്തിലുമുള്ള വേദഭാഷ്യങ്ങൾ വളർന്നു വരണം. അതിനുള്ള പ്രാഥമിക അന്വേഷണം ഈ കൃതിയിലൂടെ അവതരിപ്പിക്കുന്നു.

ദൈവവചന കേൾവിയും വേദവ്യാഖ്യാനവും ആത്മീയ ജീവിതത്തെ ധന്യമാക്കും. വചനം ആത്മീയ ഭക്ഷണമാണ്. ആത്മീയ പോരാട്ടത്തിൽ അത് അജയ്യമായ ആയുധമാണ്. നിരാശയെ അതിജീവിക്കുവാനും പ്രതിസന്ധിയിൽ മാർഗ്ഗദർശനം നൽകുവാനും, പരിശോധനയിൽ ശക്തിപകരുവാനും, വേദവചന പ്രബോധനങ്ങൾ മാർഗ്ഗം പകരും. ദൈവിക കൃപകൾ ആർജ്ജിക്കുവാൻ ഞായർദിന വേദവ്യാഖ്യാനങ്ങൾ നിർബന്ധമായും പള്ളികളിൽ സംവേദിക്കപ്പെടണം. വേദവ്യാഖ്യാനങ്ങൾ ഫലപ്രദമായി ആവിഷ്കരിക്കുന്നതിന് സഹായിക്കുന്നതാണ് ഇത്തരം വേദപഠനങ്ങൾ.

ആരാധനാകാലത്തെ സുവിശേഷപാഠങ്ങൾ കാലികമായി വ്യാഖ്യാനിക്കുവാനുള്ള സർഗ്ഗശേഷിയും ദൈവകൃപയും ആർജ്ജിക്കുവാൻ ശ്രോതാക്കൾക്കും വ്യാഖ്യാതാക്കൾക്കും കഴിയണം. കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് വേദഭാഗങ്ങൾക്ക് പുത്തൻ ഭാഷ്യം നൽകിയെങ്കിൽ മാത്രമെ വേദവചനങ്ങൾ മനുഷ്യഹൃദയങ്ങളിൽ ആഴമായി സ്വാധീനിക്കുകയുള്ളു. ദൈവാത്മപ്രേരിതമായി ദിവ്യജ്ഞാനത്തിലും ആദ്ധ്യാത്മിക ശിക്ഷണത്തിലും വേദവായനയ്ക്ക് ജീവനും ചൈതന്യവും പകരുന്ന വ്യാഖ്യാനമാണ് അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ പങ്കിടുന്നത്. സ്കൂൾ-കോളജ് വിദ്യാർത്ഥിയായിരുന്ന കാലംമുതൽ വേദപ്രബോധനത്തോടും ആദ്ധ്യാത്മിക നേതൃത്വത്തോടും ആഭിമുഖ്യം പുലർത്തിയതിന്റെ പ്രതിഫലനം ഇതിലെ വേദവ്യാഖ്യാനത്തിലും പ്രകാശം പരത്തുന്നു. മനുഷ്യഹൃദയങ്ങളോടു സംവേദിക്കുന്ന സാന്ത്വന സ്പർശത്തിന്റെ വേദപ്പൊരുളാണ് ഓരോ വേദവായനയിലും പ്രകടമാകുന്നത്. വേദവചനത്തിന് അനുദിന ജീവിതവുമായുള്ള ആഴമായ ബന്ധവും വ്യാഖ്യാനവും പകർന്ന അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ കലണ്ടർപ്രകാരമുള്ള ഏവൻഗേല്യോൻ ചിന്തകളുടെ ലളിതവും സരളവും ഹൃദ്യവുമായ ഈ വേദജ്ഞാനത്തിന് മനുഷ്യഹൃദയങ്ങളെ സാന്ത്വനിപ്പിക്കാൻ കഴിയും. സുവിശേഷ വേദഭാഷ്യങ്ങൾക്ക് പുത്തൻ ഉൾക്കാഴ്ച പകരുന്ന *ആരാധനാകാല തീർത്ഥയാത്ര* വായനയ്ക്കും ധ്യാനത്തിനും പ്രഭാഷണത്തിനുമായി ആദരവോടെ വായനാ സമക്ഷം സമർപ്പിക്കുന്നു.

ആരാധനാകാല തീർത്ഥയാത്ര

ഗീവർഗീസ് മാർ പീലക്സിനോസ്

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം

Price Rs. 200/-


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



3

ആശ്രമം പെരുനാട്ടിൽ

“നഗരത്തിനു കോട്ടപോലെയാണ് കേരളത്തിനു സഹ്യാദ്രി. തലയുയർത്തി, കണ്ണുകൾ ചിമ്മി, പാർശ്വസ്ഥയായ പേടമാനെ കടാക്ഷിക്കുന്ന കലമാൻ കണക്കെ സഹ്യപർവ്വതനിരകളിൽ തലയെടുപ്പോടെ ഉയർന്നു നിൽക്കുന്നതാണ് പെരുനാട്ടിലുള്ള ‘മുണ്ടൻമല’. വിശ്വവിശ്രുതമായ ഹിമാലയശൃംഗങ്ങളിൽ കൈലാസംപോലെ മുണ്ടൻമലയുടെ നെറുകയിൽ ബഥനി ആശ്രമം സ്ഥിതി ചെയ്യുന്നു. ...

ആശ്രമസ്ഥാപനം അക്കാലത്ത് ഒരദ്ഭുതം തന്നെയായിരുന്നു. അതിന്റെ ഉദ്ദേശ്യം താരാപഥത്തോളം ഉയർന്നു നിന്നിരുന്നു. ആ ദൂരമാകട്ടെ അനുപമ നിർമ്മലവും. സേവന സന്നദ്ധത ആകാശംപോലെ വിശാലമായിരുന്നു. പ്രവർത്തനപദ്ധതി ചക്രവാളച്ചരിവുകൾ വരെയും വ്യാപകമായിരുന്നു. ...

മലങ്കരസഭ മനംമുറ്റാനന്ദിച്ചു. പ്രതീക്ഷകൾ വെൺമേഘങ്ങളിൽ മുട്ടിനിന്നു. സഹായസഹകരണങ്ങൾ സഹർഷം പറന്നടുത്തു” (ബഥനിയുടെ പനിമലർ എന്ന ഗ്രന്ഥത്തിൽ ഫാ. കെ. ഗീവർഗീസ് അഞ്ചൽ എഴുതിയ ലേഖനത്തിൽ നിന്നും, പേജ് 84).

ഇലഞ്ഞിക്കൽ ജോൺ വക്കീൽ ആശ്രമത്തിന് നൂറേക്കർ നൽകാമെന്ന് 1917–ൽ വാഗ്ദാനം ചെയ്തശേഷം 1920–ൽ ആണ് വസ്തുവിന്റെ ദാനആധാരം രജിസ്റ്റർ ചെയ്തുകൊടുത്തത്. ഫാ. പി. റ്റി. ഗീവറുഗീസും മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനും 1917–ലെ അവധിക്കാലത്തു നാട്ടിൽ വന്നപ്പോൾ സ്ഥലം നേരിൽ കണ്ടു തൃപ്തരായി. പെരുനാടു മുണ്ടൻമലയുടെ വടക്കേ അറ്റത്തെ ഭാഗത്തു കാടുപിടിച്ചു കിടന്ന 67 ഏക്കറും ആ മലയുടെ തെക്കുഭാഗത്തെ അടിവാരത്തിലുള്ള 33 ഏക്കറും ചേർത്താണ് നൂറേക്കർ. അവിടെത്തന്നെ ആശ്രമം ആരംഭിക്കാമെന്നു തീരുമാനിച്ചശേഷം ഇരുവരും കൽക്കട്ടയ്ക്കു മടങ്ങി. ഈ രണ്ടു പ്ലോട്ടുകൾക്കുമിടയിലും ചുറ്റുമായി സ്ഥിതിചെയ്തിരുന്ന 300 ഏക്കർ കൂടി പതിപ്പിച്ചെടുക്കുന്നതിന് കെ. സി. മാമ്മൻ മാപ്പിള, കന്നുകുഴിയിൽ കെ. കെ. ലൂക്കോസ്, ഇ. ജെ. ജോൺ വക്കീൽ എന്നിവർ മുൻകൈയെടുക്കുകയും തുച്ഛമായ വിലയ്ക്ക് സർക്കാരിൽ നിന്നു സ്ഥലം ഫാ. പി. റ്റി. ഗീവറുഗീസിന്റെ പേരിൽ പതിപ്പിച്ചെടുക്കുകയുമാണുണ്ടായത്.

അലക്സിയോസ് ശെമ്മാശൻ പഠനം പൂർത്തിയാക്കി 1918–ൽ നാട്ടിൽ തിരിച്ചെത്തി. അന്ന് ബഥനി ആശ്രമസമൂഹത്തിൽ ചേരാൻ ആഗ്രഹിച്ചിരുന്ന ശൂരനാട്ട് ഉമ്മൻ വാധ്യാർ (ഫാ. ബസ്ക്കീപ്പാ) കൂടി വൈദികനായിത്തീർന്നു ഫാ. അലക്സിയോസിനോടൊപ്പം മുണ്ടൻമലയിൽ താമസം ആരംഭിച്ചു. ഇവരെ സഹായിക്കാൻ ഫാ. പി. റ്റി. ഗീവറുഗീസിന്റെ ഇളയ സഹോദരൻ മത്തായിപ്പ

ണിക്കരും വന്നുചേർന്നു. മുണ്ടൻമലയിലെ കാടുതെളിച്ച് ആരംഭമിട്ടതിനെ തുടർന്ന് 1919-ൽ ഉദ്യോഗം രാജിവച്ച് ഫാ. പി. റ്റി. ഗീവറുഗീസും ഒളശ്ശ കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശനും ആശ്രമത്തിൽ എത്തിച്ചേർന്നു. ബഥനിയുടെ പ്രശസ്തി വർദ്ധിച്ചതിനാൽ മറ്റു ചില സന്യാസാർത്ഥികളും ബഥനിയിൽ വന്നു വാസമാരംഭിച്ചു. ക്രമേണ പല കുടിലുകൾ ഉയർന്നു. കാട്ടുപുല്ലുകൊണ്ട് മേഞ്ഞ കുടിലുകളുടെ തറ ചാണകംകൊണ്ടാണ് മെഴുകിയിരുന്നത്. വണ്ണമുള്ള മുള തല്ലിപ്പരത്തി പലകപോലെയാക്കി അവകൊണ്ടാണ് ഭിത്തിയും വാതിലുകളും നിർമ്മിച്ചത്. മലമ്പനിയോടും വന്യമൃഗങ്ങളോടും ഒരേ സമയം പോരാടിക്കൊണ്ടുള്ള അക്കാലത്തെ ജീവിതം, ഇന്നു പലർക്കും പറഞ്ഞാൽ ശരിക്കു മനസ്സിലാകുകയില്ല. വന്യമൃഗങ്ങളെ തടയാനും കൃഷി ആവശ്യത്തിനുമായി കരിങ്കല്ലുകൊണ്ട് ഒരാൾ പൊക്കത്തിൽ 'ഇരുവായ്പട' കയ്യാലയും ഉയർന്നു. കാടു തെളിച്ച് കപ്പ, വാഴ, ചേന, കാച്ചിൽ, പയർ മുതലായവയും അവയ്ക്കിടയിൽ തെങ്ങ്, മാവ്, പ്ലാവ്, കമുക്, കശുമാവ്, കുരുമുളക്, കടപ്ലാവ് മുതലായ സ്ഥിര ദേഹണ്ഡങ്ങളും കൃഷിചെയ്തു. ആശ്രമത്തിലേക്കാവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ കോഴഞ്ചേരി, റാന്നി, വടശ്ശേരിക്കര എന്നിവിടങ്ങളിൽനിന്നു വള്ളം വഴിയായും കടമ്മനിട്ട, വയലത്തല, കീക്കൊഴൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽനിന്ന് തലച്ചുമടായുമാണ് എത്തിച്ചുകൊണ്ടിരുന്നത്. കൂടാതെ കുട്ടനാടൻ പ്രദേശങ്ങളിൽ കൊയ്ത്തുകാലത്തു വള്ളത്തിൽ ചെന്നു നെൽപിരിവും റാന്നിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്നു ഡപ്പിപ്പിരിവും പിടിയരിപ്പിരിവും നടത്തിക്കൊണ്ടിരുന്നു.

വട്ടശ്ശേരിൽ തിരുമേനി ഇ. ജെ. ജോൺ വക്കീലുമൊന്നിച്ചു 1094 കന്നി 24-നു (1919) ബഥനി ആശ്രമം സന്ദർശിച്ചു. എന്നാൽ 1929-ൽ മാർ ഈവാനിയോസ് പ്രസിദ്ധീകരിച്ച 'ഗിരിദീപത്തിൽ' ഈ സന്ദർശനത്തെപ്പറ്റി ഒരു സൂചനപോലും നൽകിയിട്ടില്ല (*റീത്തുപ്രസ്ഥാന രഹസ്യങ്ങൾ*, പേജ് 187).

1920-ലെ പെന്തിക്കോസ്തി പെരുന്നാൾ ദിവസം വിശുദ്ധ കുർബാന മദ്ധ്യേ ആശ്രമത്തിലെ ആദ്യത്തെ അംഗങ്ങളായി ഫാ. പി. റ്റി. ഗീവറുഗീസും ഫാ. അലക്സിയോസും കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശനും സന്യാസപ്രതിജ്ഞയെടുത്തു.

ആശ്രമവളപ്പിൽ ആൺകുട്ടികൾക്കുവേണ്ടി ചെറിയതോതിൽ ഒരു അനാഥശാലയും ആരംഭിച്ചു. ബഥനി ആശ്രമാംഗങ്ങൾ പള്ളികളിലും പ്രാർത്ഥനായോഗങ്ങളിലും സ്കൂളുകളിലും കോളജുകളിലും പോയി പ്രസംഗവും ധ്യാനവും മറ്റും നടത്തുമായിരുന്നു.

ആശ്രമാംഗങ്ങൾക്കു പ്രത്യേക ജീവിതനിഷ്ഠകളും ദിനചര്യയുമാണു ക്രമീകരിച്ചിരുന്നത്. രാവിലെ അഞ്ചിനു മണിയടി കേട്ടുണരുന്ന അംഗങ്ങൾ അടുത്തുള്ള ചെറിയ വെള്ളച്ചാട്ടത്തിൽ കുളിയും നനയും മറ്റും കഴിഞ്ഞു 5.40-നു യാമപ്രാർത്ഥനകൾക്കായി ആശ്രമം ചാപ്പലിൽ എത്തിയിരിക്കണം. വൈദികർ സ്ഥലത്തുണ്ടെങ്കിൽ വിശുദ്ധ കുർബാന നടത്തും. രാത്രി ഒൻപതിനാരംഭിക്കുന്ന മൗനവ്രതം രാവിലെ എട്ടു മണിക്കായിരിക്കും അവസാനിക്കുക. നോമ്പുദിവസങ്ങളിൽ ഉച്ചയ്ക്കും മറ്റു ദിവസങ്ങളിൽ രാവിലെ എട്ടരയ്ക്കുമാണ് ആദ്യത്തെ ഭക്ഷണം. ആഹാരസമയത്തും നിശ്ശബ്ദത പാലിച്ചിരിക്കണം. പിന്നീട് 9 മുതൽ 9.30 വരെ ശുചീകരണ പ്രവർത്തനങ്ങളാണ്. തുടർന്ന് ആശ്രമാദ്ധ്യക്ഷൻ ആബോ (പിതാവ്) ഫാ. ഗീവറുഗീസും അസിസ്റ്റന്റ് സുപ്പീരിയർ ആബൂനാ (ചെറിയ പിതാവ്) ഫാ. അലക്സിയോസും ഗുരുനാഥൻ (നോവിസ് മാസ്റ്റർ) ഫാ. യാക്കോബും ആശ്രമാംഗങ്ങൾക്കുവേണ്ടി വേദപഠനം, വൈദികപരിശീലനം, സഭാവിശ്വാസം, സന്യാസജീവിതം മുതലായവയെപ്പറ്റി മാറിമാറി ക്ലാസ്സുകൾ എടുക്കും. പന്ത്രണ്ടിനാരംഭിക്കുന്ന ഉച്ചനമസ്കാരവും മദ്ധ്യസ്ഥപ്രാർത്ഥനകളും കഴിഞ്ഞു 12.30-ന് ഉച്ചക്കഞ്ഞി നൽകപ്പെടും. അതുകഴിഞ്ഞ് മൂന്നു മണിവരെ സ്വകാര്യ പഠനത്തിനുള്ള സമയമാണ്. മൂന്നു മണിക്കുള്ള നമസ്ക്കാരവും കാപ്പികുടിയും കഴിഞ്ഞാൽ എല്ലാവരും കൃഷിസ്ഥലങ്ങളിലെ വേലക്കാരായി മാറും. അഞ്ചിനു വേല കയറിയാൽ കുളി കഴിഞ്ഞ് ആറു മണിക്ക് സന്ധ്യാനമസ്കാരം. അതുകഴിഞ്ഞ് അത്താഴവും. 8.30 വരെ പത്രം വായന, ചർച്ചകൾ, ഫലിതങ്ങൾ, സംവാദങ്ങൾ എന്നിവയുമാണു പരിപാടി. എട്ടര മുതൽ 9 മണിവരെ ഭക്തിസംവർദ്ധക പ്രധാനമായ വായന. ഒൻപതിനു ശയന നമസ്കാരത്തെ (സൂത്താറ) തുടർന്നു മൗനാചരണം ആരംഭിക്കുന്നു. പത്തുമണി വരെ സ്വയമായി വായിക്കാനും പഠിക്കാനും സൗകര്യമുണ്ട്. പത്തു മണിക്ക് വിളക്ക് അണയ്ക്കും. ഇന്നും ഈ ചിട്ടകൾ ഏറെക്കുറെ പാലിക്കപ്പെടുന്നുണ്ട്.

ആശ്രമത്തിൽ മൺചട്ടിയിലും മൺകോപ്പയിലുമാണു ഭക്ഷണപാനീയങ്ങൾ കഴിച്ചുകൊണ്ടിരുന്നത്. സ്പൂണിനു പകരം പ്ലാവില കുത്തിയതായിരുന്നു. സാധാരണ സസ്യാഹാരങ്ങൾ മാത്രം. നോമ്പില്ലാത്തപ്പോൾ പാലും മുട്ടയും ഉപയോഗിച്ചു വന്നു. പശുക്കളും കോഴികളും ധാരാളം ഉണ്ടായിരുന്നതിനാൽ പാലിനും നെയ്ക്കും മുട്ടയ്ക്കും ലോഭമുണ്ടായിരുന്നില്ല. മഴക്കാലത്ത് ഓലക്കുടയും കൃഷിസ്ഥലത്ത് തൊപ്പിപ്പാളയും ഉപയോഗിച്ചുകൊണ്ടിരുന്നു. രാത്രി പായിലാണു കിടക്കുന്നത്. വെള്ളത്തുണിയിൽ കാവി മുക്കിയ വസ്ത്രം ധരിച്ചു വന്നു. ആശ്രമത്തിൽ സ്വകാര്യസ്വത്ത് അനുവദിച്ചിരുന്നില്ല. സർവ്വവും ആശ്രമത്തിന്റെ പൊതുവക. ആശ്രമാംഗങ്ങളുടെ ഇടയിൽ വലിയവനെന്നോ ചെറിയവനെന്നോ വൈദികനെന്നോ അവൈദികനെന്നോ എന്ന ഭേദചിന്തയും ഇല്ലായിരുന്നു. വിശുദ്ധ ദാരിദ്ര്യം എന്നത് ആശ്രമാംഗങ്ങളുടെ ഒരു ജീവിത നിയമമാകുന്നു. ലോകത്തിനു മരിക്കുന്നവനത്രെ സന്യാസി. ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്യാസിക്കാവശ്യമില്ല. ദൈവത്തിനായി സകലവും ത്യജിച്ചിരിക്കുന്നു എന്നതിലുള്ള സൗഭാഗ്യം അല്ലാതെ മറ്റൊന്നിലും സൗഭാഗ്യം ഉള്ളതായി സന്യാസി കരുതിപ്പോകരുത്. സന്യാസ പ്രതിഷ്ഠ മൂലം ഒരു സന്യാസി ദാരിദ്ര്യത്തെ സ്വീകരിക്കുന്നു.

ബഥനി ആശ്രമത്തെ സംബന്ധിച്ച പ്രചാരണവും അതിന്റെ പ്രവർ ത്തനങ്ങളും 1920-ൽ കുന്നംകുളത്തേക്കു വ്യാപിപ്പിച്ചു. സി. വി. ഇയ്യു എം.എൽ.സി., കാക്കശേരിൽ ഈയു മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലും മർത്തമറിയം സമാജക്കാരുടെ ഉത്സാഹത്തിലും അക്കാലത്ത് ഫാ. പി. റ്റി. ഗീവറുഗീസ് 800 രൂപയോളം പിരിച്ചെടുത്തു. തങ്ങളുടെ നിർബന്ധം മൂലമാണ് ആ പണം ഉപയോഗിച്ച് കുന്നംകുളം തൃശ്ശൂർ റോഡരികിൽ ഒൻപതര ഏക്കർ സ്ഥലം ഫാ. പി. റ്റി. ഗീവറുഗീസിന്റെ പേരിൽ വാങ്ങിയതെന്നത്രെ ഒരിക്കൽ സി. വി. ഇയ്യു എന്നോടു പറഞ്ഞത്.

ബഥനി ആശ്രമത്തിന്റെ ഒരു ബ്രാഞ്ച്ഹൗസ്, തിരുവല്ല തിരുമൂലപുരം ഓർത്തഡോക്സ് പള്ളിക്കു സമീപം ഒരേക്കർ 30 സെന്റ് സ്ഥലം വാങ്ങി സ്ഥാപിച്ചു. മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ പോയി മിഷൻ പ്രവർത്തനം നടത്തിയശേഷം തിരിച്ചുവരുമ്പോൾ ഒരു വിശ്രമസങ്കേതം എന്ന നിലയ്ക്കാണ് ഈ ശാഖാമന്ദിരം നിർമ്മിച്ചത്. ബഥനി ആശ്രമത്തിന്റെ ചുമതലയിൽ തിരുവല്ലയിലെ ബഥനി പ്രസ്സിൽനിന്ന് ബഥനി മാസികയും ഇറക്കി. ഫാ. പി. റ്റി. ഗീവറുഗീസായിരുന്നു ഇതിന്റെ പത്രാധിപർ. സഭാ വിശ്വാസസത്യങ്ങൾ, സഭാപിതാക്കന്മാരുടെ ജീവചരിത്രം, സണ്ടേസ്കൂൾ പഠനപദ്ധതി, മർത്തമറിയം സമാജ പ്രവർത്തനങ്ങൾ, ലോക ക്രൈസ്തവ വാർത്തകൾ, സഭൈക്യാഹ്വാനങ്ങൾ മുതലായവയായിരുന്നു ബഥനി മാസികയിലെ പ്രധാന വിഷയങ്ങൾ.

തിരുവല്ലയിലെ ബഥനി മഠം

ബംഗാളിലെ ബാരിസോൾ പട്ടണത്തിൽ ആംഗ്ലിക്കൻ ഹൈ ചർച്ച് സന്യാസിനീ സമൂഹത്തിൽ മലങ്കരയിലെ ഏതാനും യുവതികളെ പരിശീലനത്തിനയച്ച കാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവരിൽ ചിലർ പിന്മാറി എങ്കിലും സന്യാസിനീസമൂഹം സ്ഥാപിക്കുന്നതിന് ഏതാനും പേർ ധൈര്യത്തോടെ മുമ്പോട്ടു വന്നു. അവരെ നാട്ടിൽ വരുത്തി പരിശീലിപ്പിക്കുന്നതിന് ഫാ. പി. റ്റി. ഗീവറുഗീസിനോടൊപ്പം ഫാ. അലക്സിയോസും മുൻകൈയെടുത്തു.

ബഥനി ആശ്രമം വകയായി 1924-ൽ തിരുമൂലപുരത്ത് 4 ഏക്കർ 67 സെന്റ് സ്ഥലം വാങ്ങി. ഈ പുരയിടവും അതിൽ പണിയിച്ച കെട്ടിടങ്ങളും 1104 കന്നി 3-ന് (1929) 368-ാം നമ്പരായി മാർ ഈവാനിയോസ് സിസ്റ്റർ ശൈനോയ്ക്കു തീറെഴുതിക്കൊടുത്തു. 1104 ചിങ്ങം (1929) ഏഴിന് 96-ാം നമ്പരായി 4000 രൂപ വിലയ്ക്ക് ഇവർക്കു മുട്ടത്ത് (നങ്ങ്യാർകുളങ്ങര) ഒരു വസ്തുവും സമ്പാദിച്ചു നൽകി. ഈ കാലയളവിൽ ഫാ. അലക്സിയോസ് സിംഗപ്പൂരിൽ നിന്ന് 500, 700, 1000, 1100 ഇങ്ങനെ നാലു തവണ പണം ആശ്രമാദ്ധ്യക്ഷന് അയച്ചുകൊടുത്തിരുന്നു (*റീത്തുപ്രസ്ഥാന രഹസ്യങ്ങൾ*, പേജ് 165).

ബഥനിയിലെ കന്യാസ്ത്രീകൾ ബാലികാമഠം സ്കൂളിലെ കുട്ടികളുടെ ആദ്ധ്യാത്മിക മേൽനോട്ടം വഹിച്ചിരുന്നു. പിന്നീടു വന്ന സിസ്റ്റേഴ്സിന്റെ പരിശീലനവും ഇവരുടെ നേതൃത്വത്തിലാണ് നടന്നത്. അവിടെ കെട്ടിടങ്ങൾ പണിയുന്നതിന് ബാരിസോൾ ആംഗ്ലിക്കൻ മഠത്തിലെ മദർ ഈഡിത്ത് 2500 രൂപ സംഭാവന ചെയ്തിട്ടുണ്ട് (ഫാ. അലക്സിയോസ് 1934 ജൂലൈ 20-ന് ബാംഗ്ലൂരിലെ അപ്പോസ്തോലിക്ക് ഡലിഗേറ്റിനയച്ച കത്തിൽ നിന്നും).

ബഥനിയുടെ പ്രവർത്തനങ്ങൾ

മലങ്കരസഭയിലെ സണ്ടേസ്കൂൾ പ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, സ്കൂൾ-കോളജുകളിലെ വിദ്യാർത്ഥിപ്രസ്ഥാനം, ഇടവകകളിലെ പ്രാർത്ഥനായോഗങ്ങൾ, കൺവൻഷൻ പ്രസംഗങ്ങൾ മുതലായവ സംഘടിപ്പിക്കുന്നതിൽ മുൻകൈയെടുത്തത് ബഥനി ആശ്രമാംഗങ്ങളായിരുന്നു. ഇതിനും പുറമേ പെരുനാട്, വടശ്ശേരിക്കര മുതലായ മലമ്പ്രദേശങ്ങളിൽ പുതുതായി ഓർത്തഡോക്സ് പള്ളികളും സ്ഥാപിച്ചു നടത്തിവന്നു. ബഥനിയുടെ ആഭിമുഖ്യത്തിൽ പല സ്ഥലങ്ങളിൽ ബഥനിപ്പള്ളികൾ രൂപംകൊണ്ടു. ഇതേപ്പറ്റി ഫാ. അലക്സിയോസ് പറയുന്നു: “ഈ അവസരത്തിലും പുതിയ പള്ളികൾ സ്ഥാപിക്കുകയും ഇടവകകൾ ചേർന്ന് ഒരു ഭദ്രാസനം രൂപവത്ക്കരിക്കുകയും ചെയ്യുമെന്നുള്ള പ്രതീക്ഷ ഉണ്ടായിരുന്നില്ല. അധഃകൃതരെ സഭയിൽ ചേർത്ത് നിലവിലുള്ള പള്ളികളിൽ കൂട്ടിനടത്തുന്നതിനു തടസ്സമോ പ്രയാസമോ നേരിടുമ്പോൾ മാത്രം അവർക്കു വേണ്ടി പുതിയ പള്ളികൾ സ്ഥാപിക്കണമെന്നേ ഉദ്ദേശിച്ചിരുന്നുള്ളു. എന്നിരിക്കിലും ഇതിൽനിന്നു കുറെശ്ശെ വ്യതിചലിക്കുകയും പുതിയ പുതിയ പള്ളികൾ സ്ഥാപിച്ച് ഇടവക ചേർക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു. ഇക്കാര്യത്തിൽ ഞങ്ങൾക്കുണ്ടായിരുന്ന എതിർപ്പ് മാർ ഈവാനിയോസിനെ അറിയിച്ചു. ഈ ആദർശഭ്രംശത്തെയും പുതിയ പള്ളികളുടെ സ്ഥാപനത്തെയും കുറിച്ചു ഞങ്ങൾ ദുഃഖിക്കുകയും ചെയ്തിട്ടുണ്ട് (ബഥനിക്കാര്യങ്ങൾ, ഫാ. അലക്സിയോസ് ഒ.ഐ.സി., പേജ് 8, 9).

ഈ ഘട്ടത്തിലാണ് പണപ്പിരിവിനായി ഫാ. അലക്സിയോസ് സിംഗപ്പൂർ, മലയ, ജാവ മുതലായ വിദേശനാടുകളിലേക്കു പോയത്. ആദർശങ്ങളിൽനിന്നു നാം വ്യതിചലിക്കരുതെന്നും പുതിയ പള്ളികൾ ഇടവകതോറും സ്ഥാപിച്ച് സുറിയാനിക്കാരെ ഇടവക ചേർക്കുന്നതു യോഗ്യമല്ലെന്നും ഒരിടവകയിൽ രണ്ടു മെത്രാന്മാർ ഭരിക്കത്തക്കവിധം പഴയ സുറിയാനിപ്പള്ളി, പുതിയ ബഥനിപ്പള്ളി എന്നിങ്ങനെ രണ്ടുതരം പള്ളികൾ ഉണ്ടാകുന്നതു മേല്പട്ടക്കാർ തമ്മിൽ പിണങ്ങാൻ കാരണമായിത്തീരുമെന്നും അത് പാശ്ചാത്യ പൗരസ്ത്യ സഭകളിലെ ഇടവകഭരണ ക്രമീകരണങ്ങൾക്കു നിരക്കുന്നതല്ലെന്നും അതുകൊണ്ട് ഈ ശ്രമത്തിൽ നിന്നു വിരമിക്കണമെന്നും അക്കാലത്തെ വിദേശ പര്യടനവേളകളിൽ ഫാ. അലക്സിയോസ്, മാർ ഈവാനിയോസിനു മുന്നറിയിപ്പു നൽകിയിരുന്നു. ഇവയൊന്നും ഫലപ്രദമായില്ല. ഫാ. അലക്സിയോസ് തിരിച്ചെത്തുന്നതിനു മുമ്പുതന്നെ തെക്കൻ ഇടവകകളിൽ പലയിടത്തും സ്ഥലം എഴുതിക്കുകയും പള്ളികൾ സ്ഥാപിച്ച് അവയ്ക്ക് പുതിയ ഭരണഘടന ഉണ്ടാക്കുകയും തിരുവല്ല ഒരു ഭദ്രാസന ഇടവകയായി രൂപവൽക്കരിക്കുകയും ചെയ്തു കഴിഞ്ഞു. ഞങ്ങളുടെ ഈ ആദർശ വ്യതിചലനം മൂലം ജാതികളുടെ ഇടയിൽ കഴിഞ്ഞ 11 വർഷക്കാലം കാര്യമായ വേലയൊന്നുംതന്നെ ചെയ്യാൻ കഴിഞ്ഞില്ല.

സഹപ്രവർത്തകരുടെ അഭിപ്രായങ്ങൾ തൃണവൽഗണിച്ചുകൊണ്ട് മാർ ഈവാനിയോസ് ബഥനിപ്പള്ളി പ്രസ്ഥാനവുമായി മുമ്പോട്ടു പോയി. അതിന്റെ ഫലമായി ഉണ്ടായ ബഥനിപ്പള്ളികളുടെ പട്ടികയാണു ചുവടെ ചേർക്കുന്നത്.

1. നങ്ങ്യാർകുളങ്ങര	ബഥനിപ്പള്ളി
2. മാവേലിക്കര	ബഥനിപ്പള്ളി
3. ചന്ദനപ്പള്ളി	ബഥനിപ്പള്ളി
4. തുമ്പമൺ വടക്കേക്കര	ബഥനിപ്പള്ളി
5. തുമ്പമൺ തട്ടയിൽ	ബഥനിപ്പള്ളി
6. ഉള്ളന്നൂർ	ബഥനിപ്പള്ളി
7. കടമാൻകുളം (കല്ലൂപ്പാറ)	
8. നിരണത്തിനടുത്ത് രണ്ടു പള്ളികൾ (മാന്നാറിലും വേറൊരിടത്തും)	
9. കവിയൂരിനടുത്ത് കോട്ടൂർ	ബഥനിപ്പള്ളി
10. മീന്തലക്കര	ബഥനിപ്പള്ളി
11. പുറമറ്റം	ബഥനിപ്പള്ളി
12. തിരുവല്ല	ബഥനിപ്പള്ളി
13. വെണ്ണിക്കുളം	ബഥനിപ്പള്ളി
14. കുന്നംകുളം	ബഥനിപ്പള്ളി

മറ്റു പല സ്ഥലങ്ങളിലും പള്ളിവയ്ക്കാൻ സ്ഥലം എഴുതി വാങ്ങി. പെരുനാട്-വടശ്ശേരിക്കര-തിരുമൂലപുരം ബഥനിപ്പള്ളികൾ ഈ ലിസ്റ്റിൽ കാണുന്നില്ല.

ജനങ്ങളെ മലങ്കരസഭയിൽ നിന്ന് റോമാസഭയിൽ കയറ്റുന്നതിനു വേണ്ടി ഗൂഢാലോചന നടത്തുന്ന “സെല്ലുകളായി” ബഥനിപ്പള്ളികളെ മാർ ഈവാനിയോസ് കാലക്രമത്തിൽ രൂപാന്തരപ്പെടുത്തി എന്നു പറയേണ്ടിയിരിക്കുന്നു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1923-ൽ ഹൈക്കോടതിയിലെ കേസിൽ തോറ്റതിനുശേഷം സഭാ സമാധാന സാദ്ധ്യതയെക്കുറിച്ച് ആരായുന്നതിനുവേണ്ടി അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഏലിയാസ് തൃതീയനെ സന്ദർശിക്കാൻ ശീമയ്ക്കു പുറപ്പെട്ടു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയിൽ സ്ഥാപിച്ച എഴുപതോളം സ്കൂളുകളുടെ (L.P; U.P., H.S.) ഭരണച്ചുമതല ബഥനി ആശ്രമം സുപ്പീരിയറായിരുന്ന ഫാ. പി. റ്റി. ഗീവറുഗീസിനെ ഏല്പിച്ചു. കൂടാതെ ചേപ്പാട്ട് സുറിയാനിപ്പള്ളി വക സ്ഥലത്തെ യു.പി. സ്കൂളിന്റെ ഭരണച്ചുമതലയും ഫാ. പി. റ്റി. ഗീവറുഗീസ് ഏറ്റിരുന്നു.

എന്നാൽ 1930-ൽ മാർ ഈവാനിയോസ് റോമൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചപ്പോൾ ബഥനിപ്പള്ളികളും സ്കൂളുകളുടെ മാനേജുമെന്റും കൂടി അദ്ദേഹം റോമൻ കത്തോലിക്കാ സഭയിൽ കൊണ്ടുപോയി. അതേക്കുറിച്ച് സുപ്രസിദ്ധ സഭാചരിത്രകാരനായ ഇസ്സഡ്. എം.പാറേട്ട് ഇപ്രകാരം പറയുന്നു: “ബഥനിപ്പള്ളികൾ എന്നു പേരു കൊടുത്ത്, പാവപ്പെട്ട ഓർത്തഡോക്സ് സഭാംഗങ്ങളുടെ കണ്ണഞ്ചിച്ച് അവരുടെ ചെമ്പുകാശ് വാങ്ങി പണിയിച്ച ഏതാനും പള്ളികളും ഓർത്തഡോക്സ് സമുദായം വകയും തന്ത്രത്തിൽ, ഓരോ സംഗതിവശാൽ, മാനേജ്മെന്റ് കൈവശത്തിലാക്കിയതും ആയ പള്ളിക്കൂടങ്ങളും ഭാണ്ഡത്തിലാക്കി റോമാ സഭയിലേക്കു പ്രയാണം ചെയ്യണമെന്ന് ബഥനി മെത്രാനുണ്ടായ മോഹം, അദ്ദേഹത്തിന്റെ ‘തത്വപ്രസംഗങ്ങളുടെ’ ചെമ്പു തെളിയിച്ചു. ആ രണ്ടു ചുളുക്കുപണികൾ അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയുടെ ആഴം ലോകക്രൈസ്തവ സഭകൾക്ക് കാണുവാൻ സൗകര്യം കൊടുത്തു” (*നിത്യാക്ഷരങ്ങൾ വാല്യം രണ്ട്*, ഇസ്സഡ്. എം. പാറേട്ട്, പേജ് 440).

ഇതേക്കുറിച്ച് അഡ്വ. എം. ഏബ്രഹാം ഇപ്രകാരം പറയുന്നു: ‘മലങ്കരസഭയുടെ പുനരുദ്ധാരണത്തിന്റെ പ്രതീകവും ആശാകേന്ദ്രവുമായിക്കരുതിയിരുന്ന ബഥനി സമൂഹത്തിലെ ഭൂരിപക്ഷം അംഗങ്ങളെയും കൂട്ടി സഭയുടെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരുന്ന എം.ഡി. സ്കൂളുകളുടെ മാനേജ്മെന്റ് മാർ ദീവന്നാസ്യോസ് വിശ്വസിച്ചേല്പിച്ചിരുന്നത് തിരിച്ചു നൽകാതെ 1930-ൽ മാർ ഈവാനിയോസ് റോമാ സഭയിൽ ചേർന്നു. തുടർന്ന് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റും ആയുധങ്ങളാക്കിയും റോമാലയനം മൂലം സിദ്ധിച്ച വമ്പിച്ച ഭൗതിക വിഭവങ്ങൾ ഉപയോഗിച്ചും മെനസിസ് മെത്രാനെയും പിന്നിലാക്കുന്ന തന്ത്രങ്ങളും പ്രചരണങ്ങളും ഉപയോഗിച്ചും മലങ്കരസഭയിൽ നിന്ന് റോമാ സഭയിലേക്ക് ആളുകളെ ആകർഷിക്കുന്നതിനുള്ള ആസൂത്രിത ശക്തികൾ ഒരുവശത്ത്. ...” (പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ ജന്മശതാബ്ദി വിശേഷാൽപ്രതി, പേജ് 47).

(തുടരും)



A symposium on ‘The Life and Contributions of Bishop Herbert Pakenham Walsh’ was held at Christa Sishya Ashram Thadagam. The presentation was delivered by Sujith Varghese George and his team, with the presence of Geevarghese Mar Coorilos (visiting Bishop), Fr. Biju Pulikal, Fr. Varghese Joseph, Varghese Joshua (Fr. V C Samuel Study Centre), Fr. Mahesh M. K. and Fr. Jijo P Abraham (Acharya, Christa Sishya Ashram Thadagam).

വചനതീർത്ഥം

പുതുഞായറാഴ്ചയ്ക്ക് ശേഷം രണ്ടാം ഞായർ


(വി. യോഹന്നാൻ 21:15-19)

ഫാ. ജെറിൻ ജോൺ അടൂർ



കർത്താവിന്റെ ശിഷ്യന്മാർ എവിടെ നിന്നാണോ ആരംഭിച്ചത് അവിടെത്തന്നെ തിരിച്ചെത്തിയിരിക്കുന്നു. അവർ ഉപേക്ഷിച്ച അവരുടെ പഴയ ജോലിയും പഴയ വാക്കുകളും ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. പത്രോസ് പറയുന്നു; "ഞാൻ മീൻ പിടിക്കാൻ പോകുകയാണ്...". 'എന്നാൽ ഞങ്ങളും വരുന്നു."

ഒരു രാത്രി മുഴുവൻ അവർ അധ്വാനിച്ചു എന്നിട്ടും വള്ളത്തിൽ ഒരു മീനു പോലുമില്ല. സുവിശേഷകൻ വളരെ വ്യക്തമായി കുറിക്കുന്നുണ്ട് ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല. വഞ്ചിതരായോ എന്ന അവസ്ഥയിലാണ് ഇപ്പോൾ ആ ശിഷ്യന്മാർ. ഏതു സാധാരണ മീൻപിടുത്തക്കാർക്കും സംഭവിക്കാവുന്ന അവസ്ഥ തന്നെയാണിത്. യേശു തന്റെ ശിഷ്യന്മാർക്ക് സ്വയം വെളിപ്പെടുത്തുന്നത് അവരുടെ ജീവിതത്തിന്റെ ഈ സാധാരണതയിലാണ്. നോക്കൂ, അനുദിനമുള്ള നിന്റെ പ്രവർത്തന മണ്ഡലങ്ങളിലാണ് യേശു കടന്നു വരുക. അല്ലാതെ വിശുദ്ധമെന്ന് കരുതുന്ന ചില വേലിക്കെട്ടിനുള്ളിലാണെന്ന് നീ വിചാരിക്കരുത്.



വ്യത്യസ്തമായ ഒരു ശൈലിയും ആയിട്ടാണ് കർത്താവ് ഇപ്രാവശ്യം കടന്നുവരുന്നത്.

തന്റെ മുമ്പിൽ എല്ലാ അപരാധങ്ങളും ഏറ്റു പറഞ്ഞു മുട്ടുകുത്തുവാൻ അവൻ അവരോട് ആവശ്യപ്പെടുന്നില്ല. മറിച്ച് അവൻ കടൽക്കരയിൽ ഒരു അടുപ്പുകൂട്ടി അമ്മയെപ്പോലെ അവർക്കായി ഭക്ഷണം ഒരുക്കുകയാണ്. ഇതാണ് യേശുവിന്റെ ശൈലി. ഇത് ആർദ്രതയുടെയും എളിമയുടെയും സംരക്ഷണത്തിന്റെയും ശൈലിയാണ്. അവൻ അവരെ വിളിച്ചതോ കുഞ്ഞുങ്ങളെ എന്നുമാണ്. അവൻ ആവശ്യപ്പെടുന്നതോ അവരുടെ അധ്വാനഫലത്തിൽ നിന്നും കുറച്ചുമാണ്. അത് സ്വന്തമാക്കാനല്ല, പങ്കുവയ്ക്കാനാണ്.

പരസ്പരം മനസ്സിലാക്കിയ ഒരു പ്രഭാതമായിരുന്നു അത്. അതുകൊണ്ടുതന്നെ ആരും അവനോട് നീ ആരാണ് എന്ന് ചോദിക്കാൻ മുതിർന്നില്ല. സ്വാദൂറുന്ന അപ്പത്തിന്റെയും വറുത്ത മീനിന്റെയും ഗന്ധവും ഒപ്പം ഗുരുവിന്റെ സാന്നിധ്യവും അവർക്ക് ഒരു വീടനുഭവം നൽകിയിട്ടുണ്ടാകണം. അങ്ങനെ ആ തീക്കൂനയുടെ ചുറ്റും സൗഹൃദത്തിൻറെ അന്തരീക്ഷം വീണ്ടും ഉടലെടുക്കുകയാണ്.

സുവിശേഷങ്ങളിൽ ഒരു സ്ഥലത്തും കാണാൻ സാധിക്കാത്ത ഒരു ഭാഷാശൈലി ഇപ്പോൾ ഉത്ഥിതൻ ഉപയോഗിക്കുന്നു. പച്ചയായ ഒരു മനുഷ്യന്റെ ലളിതമായ സ്നേഹത്തിന്റെ ഭാഷയാണത് അഥവാ ചോദ്യമാണത്; "നീ എന്നെ സ്നേഹിക്കുന്നുവോ?" ഓരോ ഹൃദയസ്പന്ദനങ്ങളുടെയും താളമാണ് ഈ ചോദ്യം. അമ്മയുടെ തഴുകലിലും, അപ്പന്റെ വാത്സല്യത്തിലും, സഹോദരങ്ങളുടെ ശ്രദ്ധയിലും, ദമ്പതികളുടെ പരിഭവങ്ങളിലും, മക്കളുടെ കുസൃതികളിലും, സുഹൃത്തിന്റെ മനസ്സിലാക്കലിലും, പ്രണയിനികളുടെ കണ്ണുകളിലും, ഗുരുക്കന്മാരുടെ കാർക്കശ്യങ്ങളിലും ഈയൊരു ചോദ്യം നിറഞ്ഞു നിൽക്കുന്നുണ്ട്. ഒരമ്മ തന്റെ കുഞ്ഞിനോട് ഈ ചോദ്യം ഉന്നയിക്കുമ്പോൾ എല്ലാവരെയും പോലെ അവർ കേൾക്കാൻ ആഗ്രഹിക്കുന്ന ഒരു ഉത്തരമുണ്ട്; "ഉവ്വ്, ഞാൻ നിന്നെ സ്നേഹിക്കുന്നു." യേശുവും പത്രോസിൽ നിന്നാഗ്രഹിക്കുന്നത് അതേ ഉത്തരം തന്നെയാണ്. നോക്കൂ, ഉത്ഥിതന്റെ ഭാഷ നമ്മെ പോലെ ഒരു സാധാരണക്കാരന്റെ ഭാഷയാണ്. ഇത് വിശുദ്ധിയുടെ ഭാഷയാണ്. ഇത് ജീവിതത്തിൻറെ ആഴമായ വേരുകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഭാഷയാണ്. വിശുദ്ധി എന്നാൽ സാധാരണതയെ ആലിംഗനം ചെയ്യുക എന്നതാണ്. അതായത് സ്നേഹിക്കുക. സ്നേഹത്തിതന്റെ ഭാഷ സ്വീകരിക്കുക.

ക്രിസ്തു സ്നേഹത്തിന്റെ ഭാഷാശൈലിയുടെ ആഴവും ദൃഢതയും പ്രകടമാകുന്നു

യേശുവും പത്രോസും തമ്മിലുള്ള സംഭാഷണ ശകലം ഒന്നു ശ്രദ്ധിക്കാം. മൂന്ന് ചോദ്യങ്ങളാണ് യേശു ചോദിക്കുന്നത്. മൂന്നും ഒരേ ചോദ്യങ്ങൾ ആണെന്ന് തോന്നും, പക്ഷേ വ്യത്യസ്തങ്ങളാണവകൾ. എന്തെന്നാൽ അവിടെ രണ്ടു പദങ്ങളാണ് "സ്നേഹിക്കുക" എന്ന യാഥാർത്ഥ്യത്തിന് ഉപയോഗിച്ചിരിക്കുന്നത്. (1) അഗാപ്പാവോ, (2) ഫിലേയോ. അഗാപ്പാവോ എന്നാൽ അതിരുകളില്ലാതെ സ്നേഹിക്കുക അല്ലെങ്കിൽ ദൈവീകമായി സ്നേഹിക്കുക എന്നും, ഫിലോസ് എന്നാൽ മാനുഷീകമായി സ്നേഹിക്കുക അല്ലെങ്കിൽ സൗഹൃദം എന്നും അർത്ഥം.

ഇനി യേശുവിന്റെ ആദ്യ ചോദ്യം നമുക്ക് ശ്രദ്ധിക്കാം;

"യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?"

"ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ."

പത്രോസ് ഉത്തരം നൽകുന്നത് ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന അഗാപ്പാവോ എന്ന പദം കൊണ്ടല്ല. മറിച്ച് സൗഹൃദം എന്നർത്ഥം വരുന്ന ഫിലേയോ എന്ന പദമാണ് ഉപയോഗിക്കുന്നത്. എന്തുകൊണ്ടാണ് പത്രോസ് ഫിലേയോ എന്ന പദം ഉപയോഗിച്ചത്? ചിലപ്പോൾ യേശുവിന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന "ഇവരെക്കാൾ അധികം" എന്ന താരതമ്യത്തിനു മുമ്പിൽ അവൻ പതറി പോയതായിരിക്കാം. അതു മനസ്സിലാക്കിയതു കൊണ്ടായിരിക്കാം യേശു ചോദ്യം വീണ്ടും ആവർത്തിക്കുന്നു. ഈ ചോദ്യത്തിൽ പക്ഷെ താരതമ്യമില്ല: "നീ എന്നെ സ്നേഹിക്കുന്നുവോ?" അപ്പോഴും പത്രോസിന്റെ ഉത്തരം ഫിലേയോ എന്ന പദത്തിൽ ആണ് നിൽക്കുന്നത്. പത്രോസ് സ്നേഹത്തിന്റെ മാനുഷിക തലത്തിൽ നിന്നു കൊണ്ടാണ് മറുപടി നൽകുന്നത്. ഇനിയാണ് ശ്രദ്ധിക്കേണ്ടത്. യേശുവിന്റെ മൂന്നാമത്തെ ചോദ്യത്തിൽ അസാധാരണമായ മാറ്റം സംഭവിക്കുകയാണ്. യേശു ഇവിടെ പത്രോസ് ആദ്യത്തെ രണ്ട് ഉത്തരങ്ങളിൽ ഉപയോഗിച്ച ഫിലേയോ എന്ന പദം ഉപയോഗിക്കുകയാണ്. യേശു അഗാപ്പാവോ എന്ന പദം ഉപയോഗിക്കുന്നില്ല. പത്രോസിന്റെ മാനുഷികതലത്തിലേക്ക് യേശു ഇറങ്ങി വരുന്നു. സ്നേഹത്തിന്റെ സ്വർഗ്ഗീയ തലത്തിൽനിന്നും സ്നേഹത്തിന്റെ മാനുഷികതലത്തിലേക്ക്, അതിന്റെ സൗഹൃദത്തിലേക്ക്, പത്രോസ് ആയിരിക്കുന്ന

അവസ്ഥയിലേക്ക്, യേശു താഴുകയാണ്.

നീ എന്നെ സ്നേഹിക്കുന്നുവോ? സ്നേഹം (അഗാപ്പെ). അത് ഒത്തിരി അധികമായിട്ട് തോന്നുന്നുണ്ടെങ്കിൽ സൗഹൃദമെങ്കിലും (ഫിലോസ്)? യേശു പത്രോസിൽ നിന്നും സ്നേഹത്തിന്റെ സൗഹൃദതലത്തെ ആഗ്രഹിക്കുന്നു. സ്നേഹം യേശു ആഗ്രഹിക്കുന്ന തരത്തിൽ നൽകണമെന്ന് പത്രോസിനും ആഗ്രഹമുണ്ട് പക്ഷേ അവന്റെ തന്നെ പൂർവ്വാനുഭവം സ്നേഹം (അഗാപ്പെ) എന്ന പദം പോലും ഉച്ചരിക്കുവാൻ അവനെ പ്രാപ്തനാക്കുന്നില്ല. പത്രോസിന്റെ ആ നിസ്സഹായവസ്ഥയുടെ മുൻപിൽ യേശു മനസ്സിലാക്കുകയാണ്. സ്നേഹിക്കുന്നതിനുള്ള ആഗ്രഹം തന്നെ സ്നേഹമാണെന്ന്. നിന്റെ ഉള്ളിലുള്ള സ്നേഹം അത് ഏത് തലത്തിൽ ആയിക്കൊള്ളട്ടെ, അതാണ് യേശു നിന്നിൽ നിന്നും ആഗ്രഹിക്കുന്നത്. നിന്റെ വീഴ്ചകളുടെയും ദൗർബല്യങ്ങളുടെയും മുമ്പിൽ നീ നിൽക്കുമ്പോൾ പത്രോസിനെ പോലെ ദൈവികസ്നേഹം എന്ന പദം ഉച്ചരിക്കാൻ പോലും നിനക്ക് അർഹതയില്ല എന്ന തോന്നൽ ചിലപ്പോൾ ഉണ്ടാകാം. പക്ഷേ സ്നേഹത്തിനോടുള്ള നിന്റെ ആഗ്രഹമുണ്ടല്ലോ, അതു മതി. അതു മാത്രം മതി. യേശുവിനു നിന്നെ അവന്റെ ഹൃദയത്തോട് ചേർത്തു നിർത്താൻ.

ഇടയ ശുശ്രൂഷകൾ 'ഇടയാത്ത'തും 'ഇടർച്ച' നൽകാത്തതും 'ഇടിവ്' ഇല്ലാത്തതും ആകണം

നയിക്കുക, പരിപാലിക്കുക" എന്നത് ഇടയധർമമാണ്. ഇടയൻ ആടുകളെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഇടയധർമവുമായി ബന്ധപ്പെട്ട് വി. വേദപുസ്തകത്തിൽ കാര്യമായി തന്നെ നമുക്ക് ജ്ഞാനം ലഭിക്കുന്നുണ്ട്.

പുറ. 3:1-12 ൽ യിത്രോയുടെ ആടുകളെ മേയിച്ചു കഴിയുകയായിരുന്ന മോശയെ ദൈവം വിളിക്കുന്നതും, യഹസ്കിയേൽ 34:20-26 ൽ ദൈവത്തിന്റെ ആട്ടിൻപറ്റമായ ഇസ്രയേലിനെ നയിക്കാൻ ഒരു ഇടയനെ നൽകുന്നതും; എഫേ. 4:7-16 ൽ ഇടയന്മാരും പ്രബോധകന്മാരുമാകാൻ പ്രത്യേകമായി കൃപ നൽകപ്പെട്ടിട്ടുള്ളവരുടെ ദൗത്യങ്ങളും; യോഹ. 21:5-19 ൽ കർത്താവിന്റെ ആടുകളെ മേയിക്കാൻ പ്രത്യേകമായി പത്രോസിനെ നിയോഗിക്കുന്നതും നാം ധ്യാനിക്കുന്നു. ഇടയന്റെ ശുശ്രൂഷകൾ 'ഇടയാത്ത'തും 'ഇടർച്ച' നൽകാത്തതും 'ഇടിവ്' ഇല്ലാത്തതുമാകണമെന്ന ദർശനം ഈ വായനകൾ പ്രദാനം ചെയ്യുന്നു.

പുറപ്പാട് 3:1-12: കർത്താവായ ദൈവത്തിന്റെ പ്രത്യേകദൗത്യ നിർവഹണത്തിനായി മോശയെ വിളിക്കുന്നതും ഒരുക്കുന്നതുമാണിവിടെ നാം ശ്രവിക്കുന്നത്. ഇതു മോശയുടെ ദൈവവിളിയാണ്. വിളിയിലെ ദൗത്യത്തിന്റെ ഉത്തരവാദിത്വം ഭരമേല്പിക്കലാണിത്. മിദിയാനിലെ പുരോഹിതനായ ജത്രോയുടെ ആടുകളെ മേയിച്ചുകഴിയുകയായിരുന്ന മോശയ്ക്ക് കർത്താവിന്റെ ആടുകളെ മേയിക്കാനുള്ള ദൗത്യം നല്കലാണിത്.

ആടുകളെ മേയിക്കുന്ന മോശ എത്തിച്ചേരുന്നത് ദൈവത്തിന്റെ മലയായ ഹോറെബിലാണ്. 'ഹാർ ഹ എലോഹിം' (ദൈവത്തിന്റെ മല) എന്ന വിശേഷണം ഹോറെബിനു നൽകിയതിനു കാരണം ദൈവത്തിന്റെ സാന്നിധ്യം വളരെ പ്രത്യേകമാംവിധം അവിടെ അനുഭവപ്പെട്ടതിനാലാകണം. സീനായ് മലയെന്നും ഇത് അറിയപ്പെടുന്നുണ്ട്. ഇസ്രയേലിന്റെ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള ഇടമാണിത്. ഈ മലയുടെ അടിവാരത്തുവച്ചാണ് ഇസ്രയേൽ ജനവുമായി ദൈവം ഉടമ്പടി ചെയ്തത്.

മുൾപ്പടർപ്പിന്റെ മധ്യത്തിൽനിന്നു ജ്വലിച്ചുയർന്ന അഗ്നി 'ദൈവസാന്നിധ്യ'ത്തിന്റെ അടയാളമാണ്. Fire, a flaming എന്നർഥം വരുന്ന ഹീബ്രു ഭാഷയിലെ എഷ് (esh) എന്ന നാമം പഴയനിയമത്തിൽ 'ദൈവസാന്നിധ്യ'ത്തെ പൊതുവെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദമാണ് (പുറ. 19:16-18; നിയമ. 4:15). മാലാഖാ, ദൂതൻ എന്നർഥം വരുന്ന 'മലക്ക്' (malak) മലക്ക് യാഹ്‌വെ (ദൈവത്തിന്റെ ദൂതൻ) കർത്താവു തന്നെയാണ്. ശുശ്രൂഷയ്ക്കുള്ള മോശയുടെ വിളി 'ദൈവവിളി' തന്നെയാണെന്ന് ഈ സൂചനകൾ ഉറപ്പിച്ചുപറയുന്നു.

ദൈവം പേരുചൊല്ലി വിളിച്ചവനാണ് മോശ. 'മോശേ, മോശേ' എന്നു രണ്ടു തവണ ദൈവം അവനെ വിളിക്കുന്നുണ്ട്. ദൈവം പ്രത്യേകം തിരഞ്ഞെടുക്കുന്നവരെ അവിടുന്ന് ആവർത്തിച്ചു വിളിക്കുന്നുണ്ട് (1 സാമു. 3:5, ഉത്പ. 22:11-13; ഉത്പ 46:1-4). ഒരു വ്യക്തിയോടുള്ള കർത്താവിന്റെ അടുപ്പത്തെക്കുറിക്കുന്ന ശൈലിയാണിത്.

കർത്താവിന്റെ ദൂതൻ മോശയോടു കല്പിക്കുന്നു: "നിന്റെ ചെരുപ്പ് അഴിച്ചു മാറ്റുക" (3:5). 'നീക്കിക്കളയുക, മാറ്റുക' (remove, put off) എന്നീയർഥങ്ങളുള്ള ഹീബ്രു ഭാഷയിലെ നഷാൽ (nashal) എന്ന പദം പഴയതിനെ ഉരിഞ്ഞുമാറ്റാനുള്ള ഒരു ആഹ്വാനം നൽകുന്നുണ്ട്. കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്നവൻ പഴയജീവിതരീതിയെ ഉരിഞ്ഞുമാറ്റേണ്ടവനാണ്. ചെരിപ്പുകൾ അഴിച്ചു മാറ്റുക ആദരവിന്റെയും ബഹുമാനത്തിന്റെയും പ്രതീകം കൂടിയാണ്.

മോശ എന്ന ഇടയന്റെ ദൗത്യത്തെക്കുറിച്ചു വ്യക്തമായി ഇവിടെ പരാമർശിക്കുന്നുണ്ട്. കർത്താവിനുവേണ്ടി പ്രവർത്തിക്കുന്നവനാണ് ഈ ഇടയൻ. ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് ഇസ്രയേൽജനത്തെ മോചിപ്പിക്കുക, അവരെ തേനും പാലും ഒഴുകുന്ന കാനാൻ നാട്ടിലേക്കു നയിക്കുക. മോശയുടെ ദൗത്യം ഒരു വിമോചനത്തിന്റേതാണ്. ദൈവത്തിലേക്കുള്ള നയിക്കലിന്റേതുമാണ്.

ഇന്നത്തെ വായനയുടെ വേദഭാഗത്ത് ഉത്ഥിതനായ ക്രിസ്തു പത്രോസ് ശ്ലീഹായെ ചില ദൗത്യങ്ങൾ ഭരമേല്പിക്കുകയാണ്. കർത്താവിന്റെ ഇടയൻ അവിടുത്തേക്കുവേണ്ടി ജീവിക്കുന്നവനും രക്തസാക്ഷിത്വം വരിക്കേണ്ടവനുമാണെന്ന ദർശനം ഈ വചനഭാഗം നൽകുന്നുണ്ട്.

"യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" (21:15). പത്രോസിനോടുള്ള ഒന്നാമത്തെ ചോദ്യത്തിൽ 'ഇവരെക്കാൾ അധികമായി' (more than these) എന്ന് ഈശോ ചോദിക്കുന്നു. 'പ്ലെയോൺ തൂത്തോൺ' എന്ന പ്രയോഗത്തിന് 'ഇവയെക്കാൾ അധികമായി' എന്നർഥം കൂടിയുണ്ട്. മറ്റു മനുഷ്യരെക്കാളും, മറ്റ് എല്ലാ വസ്തുവകകളെക്കാളും കൂടുതലായി ഈശോയെ പത്രോസ് സ്നേഹിക്കുന്നുണ്ടോ എന്നാണ് ചോദ്യം. ക്രിസ്തുവിനെ എല്ലാറ്റിനുമുപരിയായി അവിടുത്തെ ശിഷ്യന്മാർ സ്നേഹിക്കേണ്ടതുണ്ടെന്ന സൂചനയാണ് ഈ വാക്കുകൾ നൽകുന്നത്.

പത്രോസിന്റെ മറുപടിക്ക് ക്രിസ്തു നൽകുന്ന പ്രത്യുത്തരങ്ങൾ ശ്രദ്ധേയമാണ്. 1. എന്റെ ആടുകളെ മേയിക്കുക; 2. എന്റെ കുഞ്ഞാടുകളെ മേയിക്കുക 3. എന്റെ കുഞ്ഞാടുകളെ മേയിക്കുക. 'അർനിയോൺ' (lamb); പ്രൊബാത്തോൻ (sheep) എന്നീ രണ്ടു വാക്കുകൾ ഇവിടെ ഉപയോഗിച്ചിട്ടുണ്ട്. എല്ലാത്തരത്തിലുമുള്ള ആടുകളെ മേയിക്കണമെന്ന സൂചനയാണിവിടെ നൽകുന്നത്. അജഗണത്തിലെ എല്ലാ വിഭാഗങ്ങളെയും പരിചരിക്കേണ്ടതുണ്ട്. 'പോറ്റുക, മേയിക്കുക' എന്നർഥം വരുന്ന 'ബോസ്കോ' എന്ന പദമാണ് ഒന്നും മൂന്നും പ്രത്യുത്തരങ്ങളിൽ കാണുന്നത്. 'പരിപാലിക്കുക' എന്നർഥം വരുന്ന 'പൊയ്മെയ്നോ' എന്ന ക്രിയാപദമാണ് രണ്ടാമത്തെ പ്രത്യുത്തരത്തിലുള്ളത്. ഇടയന്റെ ജോലി ആടുകളെ മേയിക്കലും അവയെ പരിപാലിക്കലുമാണെന്ന് ഇത് അർഥമാക്കുന്നു. ഇടയൻ അജഗണത്തിന്റെ പരിപാലകനും സംരക്ഷകനുമാണ്.



പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശ ക്ലാസ്സ് നടത്തപ്പെട്ടു

ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഇടവകകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾക്കുള്ള മാർഗനിർദ്ദേശ ക്ലാസ്സ് ബഥേൽ അരമനയിൽ ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. അല്മായ ട്രസ്റ്റി റോണി വർഗീസ് ക്ലാസിന് നേതൃത്വം നൽകി. ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, ഭദ്രാസന പി.ആർ.ഒ. ജോർജ് വർഗീസ് എന്നിവർ പ്രസംഗിച്ചു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നായി 200-ഓളം പേർ പങ്കെടുത്തു.

Church Calendar

FOLLOW ME: A CALL AT THE TAX BOOTH

(Second Sunday after New Sunday, St. Mark 02:13-22)



Fr. Sajoie Samuel

The events in the Gospel of St. Mark enfold much faster than the other Gospels. With no birth narrative, the Gospel starts with the preparation work of St. John the Baptist as a forerunner to the Messiah. In the next chapter itself, Jesus calls Levi, also known as Matthew, to be His disciple. While others saw tax collectors as traitors and cheaters, Jesus saw them as heroes much to the dismay of His audience, especially the Pharisees. Matthew the tax collectors not only obeys Jesus, but also throws a feast for his fellow tax collectors and Jesus too to signify his spiritual transition.

Let us look into the minute details of this Evangelion portion.

I. TO BECOME A DISCIPLE OF JESUS, STEP OUT FROM YOUR SINS TO EMBRACE RIGHTEOUSNESS

A Chinese proverb says: "A MAN WHO BLAMES OTHERS HAS A LONG WAY IN HIS JOURNEY TO GO. THE MAN WHO BLAMES HIMSELF IS HALF WAY THERE. AND THE MAN WHO BLAMES NO ONE HAS ALREADY ARRIVED". This proverb holds true for Matthew. He doesn't blame the administration or any other individual or himself for his sins. On the other hand, he is willing to hold himself responsible for his iniquities and makes amends for it.

The biggest challenge for a believer in following Jesus Christ is to take a turn around from the sinful past s/he has lived. Taking a u turn from the past is not a simple process. The Rich Young Man in Matthew 19 was a proud follower of the precepts of his faith. But when Jesus looks at us, He knows where we lack, and calls us to repentance. Matthew can't keep on sinning and at the same time follow his Master. Zacheus (St. Luke Ch. 19), when given an opportunity to be a host to the Savior pledges to give back manifold what he had wrongly made himself.

II. LET YOUR GRACE TOWARDS OTHERS TRANSFORM THEM TO LEAD A RIGHTEOUSNESS LIFE

Jesus through His physical life on earth, showed us how we can win others over by being compassionate towards them. When the sinful woman is brought to Jesus for immorality, He saves her from the clutches of her critics by pointing to the sins of the multitude. Jesus' grace surely made a sinful woman a righteous person. Even when He Himself was going through the pinnacle of pain on the Cross, He entrusts His mother to John the Apostle.

When Jesus calls Matthew to be a disciple, He doesn't see him as a sinner. Infact it is the benevolence of our Savior that changed the worldview in those days about tax collectors. Tax collectors were frowned upon like harlots. The general opinion about the Pharisees and the tax collectors were like the North Pole and South Pole. So when Jesus tells the parable of the Pharisee and the Tax Collector, showing the former in a unfavorable and the latter in a favourable light, it breached societal norms.

Jesus doesn't see the past of the tax collector, but the future, of him being a Gospel writer and Evangelist. In each of us Jesus sees the bright spiritual future we have. So like the tree that does not bear fruit, we are given a little more time to mend our ways. That is why Oscar Wilde once said "EVERY SAINT HAS A PAST, AND EVERY SINNER HAS A FUTURE".

III. CHRISTIAN WORSHIP IS A JOY OF GLADNESS WHEREIN WE UNITE TO PARTAKE IN THE HEAVENLY FEAST

Jesus is confronted and asked why His disciples dont fast, whereas the disciples of John and the Pharisees do. The problem here is, the moment we switch to fault finding mode in our worship, we have defaulted in understanding the true connotation of worship. Worship is about having a bond, a vibe with the Almighty. And this dates back to the Talmud. As per the Talmud, an individual is rid of all duty, even prayer, at a wedding ceremony. It was a sacrament to rejoice. So Jesus says His disciples need not fast until He is with them. Christian worship is eternal joy and an active partaking in that ecstasy.

Our Holy Qurbana should be a feast in all forms. It is a Heavenly koinonia (Greek word for fellowship) wherein we are to rejoice with others. But when we resort to fault finding we have lost the literal meaning of our oneship with God. Our worship is a means to relieve us of our burdens, both spiritual and physical. According to the Times Magazine, group singing has been proven to lower stress, relieve anxiety and elevate endorphins in our brain. When we sing as a group, vibrations emanate through us changing our physical and emotional structures. According to Chorus America, 32.5 million American adults sing in choirs, an increase of 10 million just six years ago.

To conclude, each of us has been called to be apostles of Jesus Christ. We need to get up from our tax booth of sin, take a u turn and become one with our Savior. We are not expected to turn back, once we have kept our hands on the plough. An iota of doubt in our mind, is an open invitation for Satan to dilute our spiritual life. ❑



സീഹോർ (മധ്യപ്രദേശ്) ശ്രീ സത്യസായി യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് മെഡിക്കൽ സയൻസിൽ നിന്നും സോഷ്യോളജിയിൽ വർഗ്ഗീസ് പോത്തൻ ഡോക്ടറേറ്റ് നേടി. പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമാണ്.

മാവേലിക്കര മറ്റം സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകനും എം.ജി.ഒ.സി.എസ്.എം. മാവേലിക്കര ഭദ്രാസന സെക്രട്ടറിയും, മാവേലിക്കര ഭദ്രാസന പി.ആർ.ഒ. യുമായി പ്രവർത്തിച്ചിട്ടുണ്ട്.